# പ്രസന്നകേരളം

സി. ജെ. തോമസ്

## കെ. രാമകൃഷ്ണപിള്ള

### നാടുകടത്തപ്പെട്ട ദേശാഭിമാനി

1910 സെപ്തംബർ 26-ാംനു- കെ രാമകൃഷ്ണപിള്ള നാടുകടത്തപ്പെട്ടു

കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തിലെ ഒരേടാണത്. ഏതെങ്കിലും ഒരേടെന്നമാത്രമല്ല, കേരള ചരിത്രത്തിന്റെ ആധുനികാദ്ധ്യായത്തിന്റെ ആരംഭത്തെ കുറിക്കുന്ന ഒരേട്.

എന്തിനാണദ്ദേഹം നാടുകടത്തപ്പെട്ടത്? അദ്ദേഹത്തിന്റെ സാമീപ്യം പോലും രാജ്യദ്രോഹപരമായിത്തീരത്തക്കവണ്ണം, അദ്ദേഹം ചെയ്ത ദ്രോഹം എന്തായിരുന്നു? പരതന്ത്രരായ ഏതു രാജ്യത്തെയും അഭിമാനമുള്ള പൗരൻ ഒരിക്കലല്ലെങ്കിൽ മറെറാരിക്കൽ ചെയ്യപോകുന്ന ഒന്നുമാത്രം—സ്വദേശാഭിമാനം.

എന്താണദ്ദേഹം ചെയ്തത്?

ഒന്ന്: ജന്മിത്വത്തിന്റെ അന്ധകാരത്തിൽനിന്നു പുറത്തു വന്നുകഴിഞ്ഞിട്ടില്ലാത്ത മലയാളനാട്ടിൽ പത്രപ്രവർത്തനത്തിന്റെ പാത നിരപ്പാക്കി. അതിനുനിയമങ്ങളും സൃഷ്ടിച്ചു. ചുററും തിരിഞ്ഞുനോക്കുന്ന ഒരു മലയാളിക്കു അനുഭവപ്പെടുന്ന യാഥാർത്ഥ്യങ്ങൾ പത്രപ്രവർത്തകനായിരുന്ന രാമകൃഷ്ണപിള്ളയെ അദ്ദേഹത്തിന്റെ ശവകുടീരത്തിൽക്കൂടി വേദനിപ്പിക്കുന്നവയാണ്. കക്ഷിബലത്തിനുവേണ്ടി വ്യാജവാർത്ത സൃഷ്ടിക്കുവാൻ അദ്ദേഹം പഠിച്ചിരുന്നില്ല. ചീഞ്ഞുനാറിയ സ്വാർത്ഥതയും കൃതഘ്നതയുടെ സംരക്ഷണത്തിനുംവേണ്ടി നടത്തപ്പെടുന്ന പത്രങ്ങളെ മലയാളികൾ പ്രോത്സാഹിപ്പിക്കുവാൻവേണ്ടിയല്ല, അദ്ദേഹം അരിഷ്ടിച്ചുജീവിച്ചതും, നാടുകടത്തപ്പെട്ടതും ദാരിദ്ര്യത്തിൽ മരിച്ചതും. കക്ഷിപൂരണത്തിനുവേണ്ടി, 'ആത്മാവിനെ വഞ്ചിച്ച് ജനങ്ങളെ ദ്രോഹിച്ച് തൂലികവ്യഭിചരിപ്പിക്കുന്നപാരമ്പര്യമല്ല കേരളത്തിലെ ലേഖകന്മാരുടെ കാരണവൻ സമ്പാദിച്ചത്.

രണ്ട് -ബ്രിട്ടീഷ്സാമ്രാജ്യത്തിന്റെയും ഏകാധിപത്യത്തിന്റെയുംനേരെ അദ്ദേഹം സമരംചെയ്തു. ഏകനായി ജനാധിപത്യത്തിന്റെ സമരകാഹളം അദ്ദേഹം മുഴക്കി. അതിന്റെ താത്വികത്വം, ദേശാഭിമാനിയും, രക്തസാക്ഷിയും അദ്ദേഹംതന്നെയായിരുന്നു. അദ്ദേഹമറിഞ്ഞിരുന്നാലും ഇല്ലെങ്കിലും അദ്ദേഹം ഒരു നവയുഗത്തിന്റെ പിതാവായിരുന്നു. കാലം കുറെ കഴിഞ്ഞു, അദ്ദേഹത്തിന്റെ മോഹനസ്വപ്നങ്ങൾ മൊട്ടിട്ടു തുടങ്ങിയിരിക്കുന്നു. കേരളം ഉണർന്നു അദ്ദേഹത്തിന്റെ പതാകയിൻകീഴിൽ അപ്രതിരോദ്ധ്യമായി അതു പുരോഗമിക്കുകയാണ്. അദ്ദേഹം കൊളുത്തിയ തിരി ഇന്നൊരു ജ്വാലയായി വളർന്നിരിക്കുന്നു. അദ്ദേഹത്തിന്റെ ആത്മാവ് ഇന്നു ഒരു കൊടുങ്കാററായി മാറിയിരിക്കുന്നു. കേരളത്തിലൊട്ടാകെയും ഓരോ കേരളീയന്റെ ഹൃദയത്തിലും അതു അലയടിച്ചു,കയറുന്ന കോളിളക്കങ്ങൾ നിർമ്മിക്കുന്നു. അദ്ദേഹം നാടുകടത്തപ്പെട്ടു. പക്ഷേ അദ്ദേഹം വിതച്ചവിത്തു മുളച്ചു,വളർന്നു അദ്ദേഹം മരിച്ചു. പക്ഷേ വെറും ഭൗതികമായി മാത്രം.

മൂന്ന്. തന്റെ പ്രമാണിത്വംകൊണ്ട് കൊട്ടമ്പിരികൊണ്ട ദേശീയത്വം വിവേകരഹിതമായ വികാരങ്ങളിൽ പിന്തിരിപ്പൻശക്തികളുടെ സഖ്യം സ്ഥാപിക്കുന്ന ഇന്നു കേരളത്തിന്റെ ആദ്യത്തെ സമത്വവാദിയുടെ സ്മരണ സഹായകരമായിരിക്കേണ്ടതാണ്. ഇന്ത്യയ്ക്കു പ്രത്യേകം കണക്കശാസ്ത്രവും തത്വശാസ്ത്രവും വേണമെന്നു ഭ്രമിക്കുന്നവർ കാറൽമാർക്സിന്റെ ജീവചരിത്രം മലയാളത്തിൽ ആദ്യമായിട്ടെഴുതിയ രാമകൃഷ്ണപിള്ളയെ സ്മരിക്കേണ്ടതാണ്. പഴയതിൽ എല്ലാററിലും മാഹാത്മ്യം കണ്ടെത്തുന്നവർ രാമകൃഷ്ണപിള്ളയെക്കൂടി ആ പഴയതിൽ ഉൾപ്പെടുത്തുമോ?

കലഹം, ക്ഷാമം, മർദ്ദനം, യുദ്ധഭീതി ഇവയുടെ ഇരുളടഞ്ഞ അന്തരീക്ഷത്തിൽ കിടന്നു നട്ടംതിരിയുന്ന കേരളനൗകയ്ക്കു വിശ്വസിക്കാവുന്ന ഒരു വഴികാട്ടിയുണ്ട്. സുസ്ഥിരമായി ജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരു ധ്രുവനക്ഷത്രം. അതാണു കെ രാമകൃഷ്ണപിള്ള ജീവിച്ചിരുന്നപ്പോൾ അദ്ദേഹം സമരം ചെയ്തു. അദ്ദേഹത്തിന്റെ ആത്മാവ് കേരളത്തിനു പ്രദാനം ചെയ്തിട്ട് അദ്ദേഹംപോയി. ഇന്ന് ആ ആത്മാവ് കൊടുങ്കാററുപോലെ നമ്മുടെ സ്വാതന്ത്ര്യനൗകയെ മുന്നോട്ടു തള്ളുന്നു. സ്മരണമണ്ഡപത്തിൽ ജ്വലിച്ചുനില്ക്കുന്ന അദ്ദേഹത്തിന്റെ തത്വസംഹിത പുരോഗതിക്കു മാർഗ്ഗനിർദ്ദേശം ചെയ്യുന്നു.

## പോയ തലമുറ

പട്ടം, മന്നം, കുഞ്ചുരാമൻ, മാമ്മൻമാപ്പിള, കെ ജി പരമേശ്വരൻപിള്ള, ഈ സുബ്രഹ്മണ്യയ്യർ, എം ഗോവിന്ദൻ, ഏ ബാലകൃഷ്ണപിള്ള ഇവരുടെ തൂലികാചിത്രങ്ങൾ.

എല്ലാവരുടെയും ഹാസ്യചിത്രങ്ങളും ചേർത്തിട്ടുണ്ട്.

By സി നാരായണപിള്ള.

പേജ് 120. വില 1 ക. 4 ണ.

നാഷനൽ ബുക്ക് സ്റ്റാൾ,
കളരിക്കൽ ബസാർ, കോട്ടയം.

## വിഷയവിവരം

1. സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള — സി. ജെ. തോമസ്
2. കരികാലി — എം. ആർ
3. താരുണ്യത്തിന്റെ ചുടുകാട് (ചെറുകഥ) — ആർ. എസ്. കുറുപ്പ്
4. കാവ്യപീഠിക — എം.വി.ദേവൻ
5. എന്റെഇന്ത്യാൻപര്യടനം — ആർ. പി. ദത്ത്
6. ഒരുഇടക്കാല സാമ്പത്തികപദ്ധതി — എം. ഇ. മത്തായി

പ്രസന്നകേരളം
ദേശീയവാരിക
പുസ്തകം. 18 ലക്കം. 22
29—9—46
പന്ത്രണ്ടുപേജ് വില രണ്ടണ
പത്രാധിപർ സി. ജെ. തോമസ്

എം. ആർ.

# കരിങ്കാലി

കമ്മ്യൂണിസ്റ്റുകാർ 42-ൽ ജനങ്ങളെ വഞ്ചിച്ച കൂട്ടരാണ്. ഇന്ത്യയുടെ കാര്യത്തിലും കൂടുതൽ പ്രാധാന്യം അവക്കു റഷ്യയുടെ കാര്യമാണ്. ചുരുക്കത്തിൽ അവർ വെറും റഷ്യൻ ഏജൻറുകളാണ്. നേരെ മറിച്ചു കോൺഗ്രസ്സ് നമ്മുടെ സംഘമാണ്. നമ്മുടെ ഗുണത്തിനുവേണ്ടിയാണ് അവർ പ്രവർത്തിക്കുന്നത്. അതുകൊണ്ടു നാമെല്ലാവരും കോൺഗ്രസ്സിനാണ് വോട്ടുകൊടുക്കേണ്ടത്. കള്ളന്മാരായ കമ്മ്യൂണിസ്റ്റുകാർക്കല്ല!.........ജയ് ഹിന്ദ്"

മാധവൻറെ പ്രസംഗമവസാനിച്ചു.

ഇവന്മാർക്കോട്ടു കൊടുത്താൽ പട്ടിണി തീരുമോ? കൂടിയിരുന്നവരുടെ ഇടയിൽ നിന്നു ഒരു വൃദ്ധൻ വിളിച്ചു ചോദിച്ചു.

തീർച്ചയായും മാധവൻ ഉറപ്പിച്ചു പറഞ്ഞു.

സദസ്യർ സന്തോഷത്തോടും അൽഭുതത്തോടും കൂടി അന്യോന്യം നോക്കി.

അതൊരു ചെറിയ ഗ്രാമമാണ്. നിവാസികളിൽ ഒരു മാതിരി മുഴുവൻ തന്നെ കൂലിവേലക്കാരാണ്. തെരഞ്ഞെടുപ്പുകാലമായിരുന്നു. തെരഞ്ഞെടുപ്പിൻറെ അലകൾ അവിടെയും വ്യാപിക്കാതിരുന്നില്ല. മീററിംഗ്--അത് അന്നാട്ടുകാർക്കു പുത്തരിയാണ്. അതുകൊണ്ടു അന്നു കോൺഗ്രസ്സ്കാർ ഒരു മീററിംഗ് നടത്തുന്നുണ്ടെന്നു അറിഞ്ഞപ്പോൾ ആ അൽഭുതകാഴ്ച കാണുവാൻ വളരെ വേലക്കാർ തടിച്ചുകൂടി. നടുക്കു ഒരു മുളയിന്മേൽ ത്രിവർണ്ണപതാക പാറിക്കളിച്ചിരുന്നു. കുറെ ദൂരെ പത്തിരുപതു സ്ത്രീകൾ, ഏതോ ഒരു വിചിത്ര ജന്തുവിനെ കാണാൻ വന്നതുപോലെ തുറിച്ചുനോക്കിക്കൊണ്ടു നിന്നിരുന്നു. ഷർട്ടിട്ടു, കണ്ണടവച്ച ഒരു ചെറുപ്പക്കാരനായിരുന്നു അദ്ധ്യക്ഷൻ.

മാധവൻറെ പ്രസംഗത്തിനുശേഷം അദ്ധ്യക്ഷൻ കുറച്ചുനേരം പ്രസംഗിച്ചു. പക്ഷെ അവിടെ കൂടിയിരുന്നവർക്കാർക്കും തന്നെ അതിൽ ഒരക്ഷരംപോലും മനസ്സിലായില്ല—തനി സംസ്കൃതം. അതോടുകൂടി മീററിംഗ് അവസാനിച്ചു.

X X X

മാധവൻ ഒരു നെയ്ത്തുതൊഴിലാളിയാണ്. കാക്ക കരയുന്നതിനു മുമ്പെണീററു നടന്നാലെ പട്ടണത്തിലുള്ള നെയ്ത്തുശാലയിൽ സമയത്തിനെത്താനൊക്കുകയുള്ളൂ. പക്ഷെ അയാളുടെ ഭാര്യ ജാനകിക്ക് ഇതിലൊട്ടും പരിഭവമില്ല. നാലുമണിക്കെഴുന്നേററു അവൾ കാപ്പിവെള്ളം തിളപ്പിക്കും. ശർക്കര കലക്കി പാലൊഴിക്കാത്ത ഒരു ഗ്ലാസ് കാപ്പിവെള്ളം കഴിച്ചതിനു ശേഷമേ മാധവൻ പുറപ്പെടുകയുള്ളൂ. ഉച്ചക്കു അയാൾ പട്ടണത്തിലുള്ള ഏതോ ഹോട്ടലിൽനിന്നു ഊണുകഴിക്കുകയാണ് പതിവ്. ജാനകിക്കു കയറുപിരിക്കലാണു തൊഴിൽ, അവളാവഴി ദിവസം അരച്ചെട്ടണ സമ്പാദിക്കും, അങ്ങിനെ ആ കുടുംബം പുലർന്നുവന്നു

മാധവൻ നിത്യം പത്രം വായിക്കും. അയാൾക്കു ചില രാഷ്ട്രീയാഭിപ്രായങ്ങളുണ്ട്. ഗാന്ധിജിയുടെ പേരു കേൾക്കുമ്പോൾ ആദരവുകൊണ്ടു അയാളുടെ തല കുനിയും, നെഹ്റു, ആസാദ് ഇവർ അയാളുടെ ദൃഷ്ടിയിൽ കേവലം മനുഷ്യരല്ലായിരുന്നു.

പിറേറന്നു വൈകുന്നേരം അയാൾ വീട്ടിൽ വന്നപ്പോൾ തന്നെ സ്വീകരിക്കാൻ പ്രസന്നവദനയായി നിൽക്കാറുള്ള ജാനകിയെ ഉമ്മറത്തു കണ്ടില്ല. അയാൾ നേരെ അകത്തേക്കു ചെന്നു. അവളുവിടെ മുഖവും വീർപ്പിച്ചുകൊണ്ടിരിക്കുന്നുണ്ടായിരുന്നു. അവൾ എന്തോ കാര്യത്തിൽ തന്നോടു പിണങ്ങിയിരിക്കയാണെന്നു അയാൾക്കു മനസ്സിലായി.

"എന്താ ജാനകി വല്ലാതിരിക്കുന്നെ?" അയാൾ മയത്തിൽ കൂടി.

"പിന്നെ ഒരുകാര്യം പറഞ്ഞേക്കാം എന്നേം എൻറെ കുട്ട്യേം വഴിയാധാരമാക്കരുത്!"

അയാൾക്കു കാര്യമൊന്നും തന്നെ മനസ്സിലായില്ല.

"എന്തേ ഞാൻ ചെയ്തേ?"

"നിങ്ങളൊന്നും ചെയ്തില്ലേ? ഇന്നലെ വൈകുന്നേരം കൊടിയും കുത്തി നിങ്ങളെന്തൊക്കെയോ ഗവർമ്മെണ്ടിനെതിരായി പ്രസംഗിച്ചു എന്നു പാറുക്കുട്ടി പറഞ്ഞല്ലോ. ഇതെങ്ങാൻ മുതലാളി അറിഞ്ഞു കമ്പനീന്നു പിരിച്ചുവിട്ടാൽ പിന്നെന്താ ചെയ്യാ?"

"എടി അതു കോൺഗ്രസ്സ് തെരഞ്ഞെടുപ്പു മീററിങ്ങായിരുന്നു"

"അപ്പോൾ ഈ കോൺഗ്രസ്സും ഗാന്ധീമൊക്കെ വെള്ളക്കാരൻറെ എതിരല്ലേ? മുതലാളി അറിഞ്ഞാൽ വെറുതെ വിടുമോ?"

എടീ മണ്ടീ; മുതലാളീം കോൺഗ്രസ്സിൻറെ ഭാഗമാ. ഞങ്ങളെ എല്ലാവരേം വിളിച്ചു പറേകേം കൂടി ചെയ്തു കോൺഗ്രസ്സിനേ വോട്ടു കൊടുക്കാവൂ എന്ന്.

ജാനകിക്ക് ഒരുവി[illegible] സമാധാനമായി.

"ഇന്നു ഞാനിങ്ങോട്ടു [illegible]ണവഴിക്കു ചന്തയുമ്മറത്ത് [illegible]പുവന്ന കൊടി കുത്തി കൊറെ[illegible]കള് പ്രസംഗിക്കുന്നു. അരീല്ല, മണ്ണെണ്ണേല്ല, പഞ്ചാരേല്ല—അവർക്കോട്ടു കൊടുത്താൽ ഇതെല്ലാം കിട്ടാൻ അവർ ശ്രമിക്കാത്രെ!"

"എടീ അതു കമ്മ്യൂണിസ്റ്റുകാരാണ്. അവരു നമ്മളുടെ ആളുകളല്ല. റഷ്യയുടെ ആളുകളാ"

"റഷ്യേൻറാ ആളുകളാണെങ്കി നമുക്കു പഞ്ചാരേം മണ്ണെണ്ണേം കിട്ടണ കാര്യം പറയുമോ"

"അതു നമ്മളെ പററിക്കാനുള്ള ഒരു സൂത്രമല്ലേ" ഒരു വലിയ രാജ്യതന്ത്രജ്ഞൻറെ മട്ടിലാണ് അയാൾ അതു പറഞ്ഞത്.

"പിന്നെ നിങ്ങളുടെ മീററിങ്ങിലെ ആ ചെറുപ്പക്കാരൻ ചെയ്തതുപോലെ സംസ്കൃതം പ്രസംഗിക്കണോ? പാറുക്കുട്ടി പറഞ്ഞു അവൾക്കതിലൊററ അക്ഷരോം മനസ്സിലായില്ലാന്ന്. സ്വാതന്ത്ര്യമെന്നോ സമരമെന്നോ കുറേപ്രാവശ്യം പറഞ്ഞത്രെ!" അവൾ കളിയാക്കി.

"അപ്പോൾ ഈ തെരഞ്ഞെടുപ്പു കഴിഞ്ഞാൽ പിന്നെന്താ ഉണ്ടാവുക?"

"നമ്മുടെ ഗവർമ്മെണ്ടല്ലെടി ഇനി വരാമ്പോണേ" അവൾക്കൊന്നും അറിഞ്ഞുകൂടാ എന്ന മട്ടിൽ മാധവൻ പറഞ്ഞു.

അപ്പോൾ നമ്മുടെ ഗവർമ്മെണ്ടു വന്നുകഴിഞ്ഞാൽ പിന്നെ അരീം പഞ്ചാരേമൊക്കെ വേണ്ടപോലെ കിട്ടാനൊക്കുമൊ?"

"പിന്നല്ലാണ്ടു"

ജാനകിക്ക് അത്ര വിശ്വാസമായില്ല. എങ്കിലും അവൾ പിന്നീടൊന്നും പറഞ്ഞില്ല.

* * *

അങ്ങനെ തെരഞ്ഞെടുപ്പും കഴിഞ്ഞു- മാധവൻ പെട്ട പാട് ചില്ലറയൊന്നുമല്ല. ഒരു ദിവസം ജാനകി പരിഭവസ്വരത്തിൽ ചോദിച്ചു.

"കണ്ടോർക്കു വേണ്ടി ഈ പാടൊക്കെ പെടുന്നതെന്തിനാ?"

"കണ്ടോർക്കോ? കോൺഗ്രസ്സിനു വേണ്ടിയല്ലെ?" മാധവൻ അഭിമാനപൂർവം പറഞ്ഞു.

മാധവൻറെ അടുത്ത ബന്ധുവിനു വോട്ടുണ്ടായിരുന്നു. പക്ഷെ, ഭാര്യാസ്വദേശക്കാരായിരുന്നതിനാൽ അയാൾ 12 നാഴിക അകലെയുള്ള തൻറെ ഭാര്യവീട്ടിലേയ്ക്കു പോയിരിക്കുകയായിരുന്നു. തെരഞ്ഞെടുപ്പു ദിവസം വരുന്ന കാര്യം സംശയമാണ്. മാധവൻ ഇതറിഞ്ഞതു തലേദിവസം ഉച്ചയ്ക്കാണ്. അയാൾ ആ വെയിലത്തുതന്നെ നടന്നു. അവിടെ ചെന്നപ്പോൾ അയാൾ വൈദ്യൻറെ അടുക്കലേക്കു പോയിരിക്കയാണ്. മാധവൻ അങ്ങോട്ടു പോയി കണ്ടു കാര്യം പറഞ്ഞു. മടങ്ങിവന്നപ്പോൾ രാത്രി മണി 11 കഴിഞ്ഞിരുന്നു. പക്ഷെ മാധവൻ നടന്നതു വെറുതെയായില്ല. പിറേറ ദിവസം അയാൾ വന്നു കോൺഗ്രസ്സിനു വോട്ടുചെയ്തു. ഇങ്ങനെ എത്രയെത്ര കാര്യങ്ങൾ....

(ശേഷം 11-ാം പേജിൽ)

നാഗവള്ളിൽ ആർ എസ് കുറുപ്പ്

# താരുണ്യത്തിന്റെ ചുടുകാട്

ചുടുനിശ്വാസങ്ങൾ, ഹൃദയത്തിന്റെ അന്തർഭാഗത്തിലും അമരാത്ത തേങ്ങലുകൾ, ചൂടുള്ള ചോരയുടെയും തുടിക്കുന്ന മാംസത്തിന്റെയും ഞരക്കങ്ങൾ, കഴുത്തു ഞെരിക്കപ്പെട്ട സ്വപ്നങ്ങൾ നിഴലിക്കുന്ന നയനങ്ങളുടെ നിശബ്ദരോദനങ്ങൾ: തഴച്ചു ചുററിയ യൗവനം താങ്ങാൻ വയ്യാതെ തേങ്ങുന്ന ശരീരങ്ങൾ—ആ വീട്ടിനുള്ളിൽ പ്രവേശിക്കുന്ന ആർക്കും അതിനുള്ളിലെ അന്തരീക്ഷം സ്പഷ്ടമായി മനസ്സിലാക്കുവാൻ കഴിയും. ആ വീട്ടിനുള്ളിലെ വായുവിനു പോലും അസഹ്യമായ ഒരു ചൂടുണ്ടായിരുന്നു. ചുടുനിശ്വാസങ്ങൾ ഒരുമിച്ചു ചേർന്നതുപോലെ.

മുൻവശത്തെ വരാന്തയിൽ പ്രവേശിക്കുന്ന അതിഥികൾക്കു തോന്നും അകത്തെ മുറിയുടെ ജനാലകളെ മൂടിയിരിക്കുന്ന തിരശ്ശീലകളുടെ മുകളിലൂടെ നീണ്ട നയനങ്ങൾ തങ്ങളെ പരിശോധിക്കുന്നുണ്ടെന്നു്. യുവാക്കന്മാരായ അതിഥികളുടെ ആഗമനത്തിൽ ആ തിരശ്ശീലകളുടെപുറകിൽനിന്നും വളകളുടെ ചെറുകിലുക്കവും ചിലപ്പോൾ ചില നേരിയ നിശ്വാസങ്ങളും പുറപ്പെട്ടുവെന്നു അവിടെ പരിചയമുള്ള ചില യുവാക്കന്മാർ പറഞ്ഞിരുന്നു. ആ ജനാലകളിലെ തിരശ്ശീലകളിൽ ഉഷ്ണകണങ്ങളുമായ നിശ്വാസങ്ങൾ ഏററിട്ടെന്നപോലെ കൊച്ചലകൾ ഉണ്ടാകുമത്രെ! ആ വീട്ടിൽ ഒരുരാത്രി അതിഥിയായി കഴിഞ്ഞുകൂടിയ അവിവാഹിതനായൊരു യുവാവു രാത്രി മുഴുവൻ അടുത്തുള്ള മുറിയിൽനിന്നും പുറപ്പെട്ട ദീർഘനിശ്വാസങ്ങളും വളകളുടെ കിലുക്കവുംമററും കേട്ടു ഉറങ്ങാതെ കിടന്നു് വെളുപ്പിനെഴുന്നേററു ഗൃഹനാഥനോടു യാത്ര പറയുക പോലും ചെയ്യാതെ പൊയ്ക്കളഞ്ഞത്രെ! അങ്ങനെ പലതും ആ വീടിനെക്കുറിച്ചു പറയാനുണ്ടായി.

എങ്ങനെ പറയാതിരിക്കും? താരുണ്യം തഴച്ചുമുററി നില്ക്കുന്ന ആറു യുവതികളാണു ആ വീട്ടിൽ അവിവാഹിതകളായി നില്ക്കുന്നതു്. 27 വയസ്സുമുതൽ 17 വരെ. എല്ലാം സാമാന്യത്തിൽ കവിഞ്ഞ സുന്ദരികളും പോരേ? കെട്ടാത്ത പെണ്ണുള്ളയിടത്തു പഴിപറയുന്നതാണല്ലോ നമ്മുടെ നാട്ടിലെ പതിവു്!

താങ്ങാൻ വയ്യാത്തവണ്ണം പെരുകിയ താരുണ്യച്ചുമടുമായി പതിയെ പ്രതീക്ഷിച്ചുനില്ക്കുന്ന ആറു പെൺമക്കൾ! പെൻഷൻപററിക്കഴിഞ്ഞ ആ പിതാവു അവരെക്കാണുമ്പോൾ അകമേ നടുങ്ങിപ്പോകും. ആ പെൺമക്കൾ തന്നെ അകമേ ശപിക്കുന്നുണ്ടെന്നു ബുദ്ധിമാനായ അദ്ദേഹത്തിനറിയാം.

അദ്ദേഹത്തിന്റെ ജീവിതം പലവിധത്തിലുള്ള പരാജയങ്ങളുടെ ഒരു ഘോഷയാത്രയായിരുന്നു. സർവ്വവും കണ്ണസ-യിൽ കണക്കാക്കുന്ന വ്യാവസായികലോകത്തിലെ സ്വപ്നദർശി, ആദർശനിഷ്ഠൻ, കൈക്കൂലിവാങ്ങാത്ത ഗവർമ്മെൻറുദ്യോഗസ്ഥൻ, ഉദ്യോഗക്കയററത്തിനുവേണ്ടി മേലുദ്യോഗസ്ഥന്റെയും പ്രീതിസമ്പാദിക്കുവാൻ ശ്രമിക്കാത്ത സ്വതന്ത്രൻ, ന്യായമല്ലാത്ത സഹായം ആർക്കും ചെയ്തുകൊടുക്കാത്ത കാരണം പലരുടെയും അപ്രീതിക്കു പാത്രവാൻ—അദ്ദേഹത്തിന്റെ ഔദ്യോഗികജീവിതത്തിലെ ആകെക്കൂടിയുള്ള സമ്പാദ്യം സത്യസന്ധനെന്ന പേരും, ആറു പെൺമക്കളും, നിത്യച്ചെലവിനു മാത്രം കഷ്ടിച്ചു മതിയാകുന്ന പെൻഷൻതുകയും.

മുപ്പതു നീണ്ട സംവത്സരങ്ങൾക്കു മുമ്പു മനസ്സിൽ മോഹനസ്വപ്നങ്ങളും കരളിൽ കനത്തുമായി കോളജിന്റെ വാതായനങ്ങൾക്കു വെളിയിലിറങ്ങിയ ആ ബിരുദധാരിയായ യുവാവു സർക്കാരുദ്യോഗസ്ഥനായിക്കഴിഞ്ഞിട്ടും ഉള്ളിലുണ്ടായിരുന്ന ആദർശങ്ങളും സ്വപ്നങ്ങളും വലിച്ചെറിഞ്ഞില്ല. അതിശക്തങ്ങളായ പ്രലോഭനങ്ങളുടെയും കടുത്ത ജീവിതവൈഷമ്യങ്ങളുടെയും ഒരുമിച്ചുള്ള ആക്രമണങ്ങൾക്കെല്ലാം അതീതനായി ആ ആദർശങ്ങൾ വെച്ചുപോററുവാൻ ആ ഉദ്യോഗസ്ഥനു കഴിഞ്ഞു. മുപ്പതിൽപരം നീണ്ട സംവത്സരങ്ങളിലെ ജീവിതക്ലേശങ്ങളുടെ ആഘാതമേററിട്ടും അവ തകർന്നുപോയില്ല. പക്ഷേ പതിയെ പ്രതീക്ഷിച്ചുനില്ക്കുന്ന ആ ആറു പെൺമക്കളെ കാണുമ്പോൾ അദ്ദേഹം അറിയാതെ അകമേ ചോദിച്ചുപോകും, അത്രക്കു നിഷ്കർഷ വേണ്ടിയിരുന്നോയെന്നു്.

അത്രയ്ക്കു നിഷ്കർഷയില്ലായിരുന്നെങ്കിൽ, ആകാവുന്ന കാലത്തു രണ്ടുകൈയും നീട്ടി കൈക്കൂലി വാങ്ങിക്കൂട്ടിയിരുന്നെങ്കിൽ ആ പെൺമക്കൾ അങ്ങനെ അദ്ദേഹത്തിന്റെ മുമ്പിൽ ആറു ഗാഢചോദ്യചിഹ്നങ്ങളെപ്പോലെ നിന്നുതുറിച്ചു നോക്കുമായിരുന്നില്ലെന്നദ്ദേഹത്തിനറിയാം. ഒന്നിന്റെ കുറവുകൊണ്ടാണവർ അവിവാഹിതരായി നില്ക്കുന്നതു്. മറെറല്ലാമവർക്കുമുണ്ടു്-താരുണ്യം, ലാവണ്യം, വിദ്യാഭ്യാസം.

ഒരു കാലത്തു്, ആ പെൺമക്കൾ കുഞ്ഞുങ്ങളായിരുന്നപ്പോൾ, അവരുടെ ദർശനം ആ അച്ഛനു് ഏററവും ആനന്ദപ്രദമായിരുന്നു. ഇന്നു അവരെ കാണുമ്പോൾ അദ്ദേഹത്തിന്റെ ഹൃദയം വ്യസനപരവശമാകും. അവരുടെ മുഖത്തു നോക്കുവാൻ അദ്ദേഹത്തിനു വിഷമമായി. ആ കണ്ണുകളുടെ നിശബ്ദമായ അഭ്യർത്ഥന, അവരുടെ ഉടമസ്ഥകളോടുള്ള കടമ അദ്ദേഹം നിർവഹിച്ചിട്ടില്ലെന്നുള്ള ആ കുററപ്പെടുത്തൽ നേരിടുവാൻ അദ്ദേഹം ഭയപ്പെട്ടു.

സന്ധ്യയ്ക്കു കുളി കഴിഞ്ഞു അഴിച്ചിട്ട കേശഭാരത്തിന്റെ അഗ്രം മാത്രം ബന്ധിച്ചു് മുററത്തെ മുല്ലയിലെ മണമുള്ള പൂക്കൾ ചൂടി, ശുഭ്രവസ്ത്രങ്ങൾ ധരിച്ചു് ആ പെൺമക്കൾ ഒരുമിച്ചു് ദേവീക്ഷേത്രത്തിലേക്കു പോകുന്നതു നോക്കിക്കൊണ്ടു വരാന്തയിലിരിക്കുന്ന ആ അച്ഛന്റെ അകം പരവശമാകും. ആ ദേവീഭജനത്തിന്റെയും സോമവാരവ്രതത്തിന്റെയും മറവും അർത്ഥം അദ്ദേഹത്തിനറിയാം. ആ അച്ഛൻ അവരോടുള്ള കടമ മുഴുവൻ നിറവേററിയിരുന്നെങ്കിൽ അവരങ്ങനെ ദേവിയെ അഭയംപ്രാപിക്കേണ്ടതായി വരുകയില്ലായിരുന്നു.

അച്ഛാ! ഞങ്ങളമ്പലത്തിൽപ്പോയേച്ചു വരട്ടെ? മൂത്തമകൾ അനുവാദം ചോദിക്കും.

**ചെറുകഥ**

“ഉം” മുഖം കുനിച്ചുകൊണ്ടദ്ദേഹം സമ്മതംമൂളും.

താരുണ്യത്തിന്റെയും ലാവണ്യത്തിന്റെയും ആ സമ്മിളിതഘോഷയാത്ര കാണുവാൻ വഴിയരികിൽ അനവധി യുവാക്കന്മാർ കാത്തുനില്ക്കാറുണ്ടു്. അതിനുവേണ്ടിമാത്രം അമ്പലത്തിൽ പോകുന്ന പുരുഷന്മാരും അനവധിയുണ്ടു്. പക്ഷേ നാല്പേരെ സാക്ഷിനിർത്തി നിറപറയുടെയും നിലവിളക്കിന്റെയും മുമ്പിൽനിന്നു പുടവ കൊടുക്കുന്നകാര്യം ആ ആരാധകന്മാരിലാരും ആലോചിക്കുകപോലുമുണ്ടായില്ല.

കാണാം, കടാക്ഷിക്കാം, പുറകെ നടക്കാം, പ്രേമലേഖനങ്ങളയക്കാം, പ്രേമിക്കാം—പക്ഷേ വിവാഹം—അതു വേറെകാര്യമാണു് ഗൗരവമേറിയ കാര്യം. അതിനാധാരം സൗന്ദര്യമോ സൗശീല്യമോ, വിദ്യാഭ്യാസമോ ഒന്നുമല്ല—പണമാണു്.

കല്യാണംപോലും കണ്ണസ-യിൽ കണക്കാക്കുന്ന ലോകം!

ഒന്നാംതരം പെൺകുട്ടികൾ! കണ്ടവരൊക്കെ തലകുലുക്കി സമ്മതിക്കും. ലക്ഷണമൊത്ത കൊച്ചുങ്ങൾ! പ്രായമായവർ അഭിപ്രായപ്പെടും. പക്ഷേ അവിടെ നില്ക്കും അവരുടെ ചിന്ത. സ്വന്തം ആൺമക്കളിലാരെയെങ്കിലുംകൊണ്ടു കല്യാണം കഴിപ്പിക്കുന്നകാര്യത്തെക്കുറിച്ചു് അവർ ആ

ലോചിക്കയില്ല. അഥവാ ആലോചിച്ചാൽ തന്നെ അടുത്ത നിമിഷം അവരെ ഓർമ്മിക്കും: എന്തുചെയ്യാം. ഒന്നുമില്ലല്ലോ!

എല്ലാമുണ്ട്, ഒരു വധുവിനു വേണ്ട എല്ലാ യോഗ്യതകളുമുണ്ട്. പക്ഷെ, വേണമെന്നു പരസ്യമായി പറയാത്ത ആ ഒന്ന്—പണം— ഇല്ലാത്തതുകൊണ്ടു ആ പെൺകുട്ടികൾ ഒന്നുമില്ലാത്തവരായിപ്പോയി!.

ആ അച്ഛന്റെ കദനഭാരം അനുദിനം വർദ്ധിച്ചുവന്നു. അതു പങ്കിട്ടെടുക്കുവാൻ അദ്ദേഹത്തിനാരുമുണ്ടായിരുന്നില്ല. വിഭാര്യനായ അദ്ദേഹം ശൂന്യമായ ശയനമുറിയിൽ കിടക്കുമ്പോൾ ആ പെൺകുട്ടികൾക്കു താൻ ജന്മംകൊടുത്തതെന്തിനെന്നു സ്വയം ചോദിച്ചിട്ടുണ്ട്. വിവാഹം കഴിച്ചതിനെ ശപിച്ചിട്ടുണ്ട്. എത്രയോ വൻഭാരമാണു തനിക്കുള്ളതെന്നോർക്കുമ്പോൾ ആ വൃദ്ധന്റെ ഹൃദയം പരിക്ഷീണമായിപ്പോകും

എന്റെ കല്യാണി! നീ ഇതൊന്നും കാണാൻ നിൽക്കാതങ്ങുപോയല്ലോ? നിദ്രാരഹിതമായ ഒരു നിശാമദ്ധ്യത്തിൽ അദ്ദേഹം ഉറക്കെപ്പറഞ്ഞു.

അടുത്ത മുറിയിൽനിന്നു പുറപ്പെട്ട ഒരു ദീർഘനിശ്വാസവും അമർത്തിയ തേങ്ങലും. അവിടെയും അസ്വസ്ഥമായ ഒരു ഹൃദയം കിടന്നുതുടിക്കുന്നുണ്ടെന്ന് അദ്ദേഹത്തെ അറിയിച്ചു. ആരാണതു്? ആരുമാകാം. ആ ആറു തരുണികളിൽ ആരും,

അദ്ദേഹം അകാരണമായി അവരോടു കോപിക്കുക പതിവായി. നിസ്സാരകാരണങ്ങൾ കണ്ടുപിടിച്ചു അവരെ കഠിനമായി ശകാരിക്കും, ശപിക്കും, പ്രാകും. സഹികെട്ട മൂത്തമകൾ ഒരു ദിവസം അദ്ദേഹത്തോടു പറഞ്ഞു-

“അച്ഛനെന്തിനാണിങ്ങനെ ശകാരിക്കുന്നതു്? കുറച്ചുനാളായി അച്ഛനു ഞങ്ങളെ ശകാരിക്കാനും ശപിക്കാനുമേ നേരമുള്ളു. ഞങ്ങളെന്തു പിഴച്ചു?

ആ ചോദ്യത്തിനു മുമ്പിൽ അദ്ദേഹം മൂകനായിപ്പോയി. അവരെന്തു പിഴച്ചു? പിഴച്ചതെല്ലാം അദ്ദേഹമാണ്.

“നീ പോടീ അപ്പുറത്തു്. കാര്യം പറയാൻവന്നിരിക്കുന്നു? ശ്രീദേവി,” ഉത്തരംമുട്ടിയ അദ്ദേഹം കൊഞ്ഞനം കാണിച്ചു.

“ഞങ്ങളുടെ തലേവിധി അമ്മയുണ്ടായിരുന്നെങ്കിൽ—” അവൾ കരഞ്ഞു. അദ്ദേഹത്തിന്റെ കണ്ണുകളും നനഞ്ഞു.

കരയാതെ മോളേ. അച്ഛൻ നിങ്ങളെയല്ല ശകാരിച്ചതു്, ശപിച്ചതു്. എന്നെത്തന്നെയാ.”

അതിന്റെ പൊരുൾ മക്കൾക്കു മനസ്സിലായില്ല.

X X X

എല്ലാം സഹിക്കാം സ്നേഹിതരെന്നു നടിക്കുന്നവരുടെ സഹതാപമാണദ്ദേഹത്തിനസഹ്യമായി തോന്നിയതു്.

അടുത്തുൺ പററിക്കഴിഞ്ഞ വ്യ... ഹിതന്മാർ വെളിപറഞ്ഞു രസി... നായി വെച്ചിട്ടു് അദ്ദേഹത്തി... വീട്ടിലെത്തും. ചിലവരും ചോദിക്കും.-

അപ്പഴേ ചേട്ടാ, ഇങ്ങനിരുന്നാമതിയോ? മക്കളെ വല്ലോനും പിടിച്ചുകൊടുക്കേണ്ടേയോ

“എന്തുചെയ്യാനാ? കൊള്ളാവുന്നവരു വല്ലോരും വരേണ്ടേയോ? എല്ലാം ഈശ്വരൻതന്നെ നേരെയാക്കണം.”

“എന്നു സമാധാനിച്ചാ മതിയോ? നാം ചെയ്യേണ്ടതു ചെയ്യണ്ടേയോ?”

എല്ലാററിനും പണമാണു പ്രധാനം. ആ പണമില്ലാത്ത പിതാവു് ദീർഘനിശ്വാസത്തോടെ പറയും.

ശരിയാണു ചേട്ടാ. ഈ ലോകമങ്ങനെയായിപ്പോയി. പണം—പണം—പണം എങ്ങോട്ടു തിരിഞ്ഞാലും, എന്തിനു തിരിഞ്ഞാലും അതുതന്നെ കേൾക്കാം. എന്തൊരു ലോകം.

അവരുൾപ്പെട്ട ലോകത്തിന്റെ നിരൂപണമാണു് പിന്നീടു്. പണത്തിനുവേണ്ടി കല്യാണം കഴിക്കുന്ന പുരുഷന്മാരുടെ സ്വാർത്ഥതയെക്കുറിച്ചുള്ള കഠിനമായ വിമർശനം പോരേ? ആ പെൻഷ്യൻകാരായ സ്നേഹിതന്മാർക്ക് വിവാഹത്തിനു പ്രായമായ രണ്ടും മൂന്നും പെൺമക്കളുണ്ടെന്ന കഥ മനഃപൂർവ്വം മറന്നിട്ടാണു സംസാരം.

ആ അച്ഛൻ പലപ്പോഴും വിചാരിച്ചിട്ടുണ്ട് അവരോടു മക്കളുടെ കല്യാണക്കാര്യം ആലോചിച്ചാലെന്താണെന്നു്. ഒന്നുരണ്ടുതവണ ശ്രമിക്കുകയും ചെയ്തു. പക്ഷെ അഭിമാനിയായ ആ അച്ഛനു സാധിച്ചില്ല അവരോടു ഒരു വരനെ യാചിക്കുവാൻ. അവർ നിരസിച്ചാൽ എന്തൊരു നിരാശയായിരിക്കും. ആ സ്നേഹബന്ധം തന്നെ തകർന്നുപോയേക്കും. അദ്ദേഹം അതു വേണ്ടെന്നുവെച്ചു.

ആദ്യകാലത്തു് സ്നേഹിതന്മാരുടെ സഹതാപവചനങ്ങൾ അദ്ദേഹത്തിനു ആശ്വാസപ്രദമായി തോന്നി. സ്വഹൃദയത്തിന്റെ കദനഭാരം പങ്കിട്ടെടുക്കുവാൻ കൂട്ടുകാരെ കിട്ടുന്നതിൽ അദ്ദേഹം സന്തോഷിച്ചിരുന്നു. പക്ഷെ അദ്ദേഹത്തിന്റെ ഹൃദയഭാരം വർദ്ധിക്കുന്തോറും ആ പൊള്ളവാക്കുകൾ അദ്ദേഹത്തിനസഹ്യമായിത്തോന്നി. ആ വാക്കുകളിൽ സഹതാപത്തെക്കാൾ കൂടുതലായി പരിഹാസമാണുള്ളതെന്നു അദ്ദേഹത്തിനു ബോദ്ധ്യമായി.

ഒരുദിവസം വൈകുന്നേരം പതിവുപോലെ ഒരു പെൻഷ്യൻ ഉദ്യോഗസ്ഥൻ ഗോവിന്ദപ്പിള്ളയുടെ വീട്ടിലെത്തി സൊള്ളുവാനാരംഭിച്ചു. പക്ഷെ ഗോവിന്ദപ്പിള്ളയ്ക്കു് ആ സൊള്ളലിൽ അശേഷം രസം തോന്നിയില്ല.

എന്തൊരു കാലം ചേട്ടാ! എല്ലാററിനും തീ വില. ഇങ്ങനെയായാൽ കറങ്ങിപ്പോവുകയേയുള്ളു.

ഗോവിന്ദപ്പിള്ളയുടെ ഉള്ളിൽ കോപം തലയുയർത്തിത്തുടങ്ങി. ഉദ്യോഗത്തിലിരുന്ന കാലത്തു് രണ്ടു കൈയ്യും നീട്ടി കൈക്കൂലി വാങ്ങി ഒന്നുരണ്ടു ലക്ഷത്തിനുള്ള വക നിലങ്ങളും പുരയിടങ്ങളുമായി സമ്പാദിച്ചിട്ടുണ്ട്. ബ്ലാക്കുമാർക്കററിൽ നെല്ലുവിററു അമിതമായ ആദായം ആണ്ടുതോറുമുണ്ട്. തീ വിലയ്ക്കു തേങ്ങാവിററു ബാങ്കിലെ നിക്ഷേപം മാസംതോറും വർദ്ധിപ്പിക്കുകയുമാണ് എന്നിട്ടും അയാൾ പറയുന്നു കാലം ചീത്തയാണെന്നു്. സാധനങ്ങൾക്കു വില കൂടിയതിൽ പരാതിപ്പെടുകയാണ്. അയാളുടെ കൈവശം വിൽക്കാനുള്ള സാധനങ്ങൾക്ക് മാത്രം വിലകൂടണമെന്നോ?

എന്താണൊന്നും മിണ്ടാത്തതു്. എന്താണിത്ര മൌനം. ഓ- പെൺമക്കളുടെ കല്യാണക്കാര്യമോർത്തായിരിക്കാം എന്തു ചെയ്യാം, പണമില്ലാതൊന്നും നടപ്പില്ല എന്തൊരു കാലം

എന്താണീ കാലത്തിനെപ്പഴിക്കുന്നതു്? നാം തന്നെയല്ലേ ഇങ്ങനെയാക്കിയതു്? ഗോവിന്ദപ്പിള്ള ചോദിച്ചു.

കാലത്തിനൊത്തു ജീവിക്കാനൊക്കുമോ? അതാവുന്ന കാലത്തു ഒന്നു കരുതിയിരുന്നെങ്കിൽ ചേട്ടൻ ഇങ്ങനെ വിഷമിക്കേണ്ടിവരുമായിരുന്നോ ?

ഗോവിന്ദപ്പിള്ളയ്ക്കു കഠിനമായ കോപവും അവജ്ഞയും തോന്നിയെങ്കിലും അതിനെ പുഞ്ചിരിപ്പുട്ടമർത്തിക്കൊണ്ടു പറഞ്ഞു:-

ഞാനതിൽ ഖേദിക്കുന്നില്ല.

ഹാ! അതാ ഇപ്പം ഇങ്ങനെ വെഷമിക്കേണ്ടി വന്നതു്: അഞ്ചാറു പെമ്പിള്ളാരു് കൊന്നത്തെങ്ങു പോലെ വളർന്നു നിൽക്കുക എന്തൊരു കഷ്ടം!

ആ സഹതാപപ്രകടനം ഗോവിന്ദപ്പിള്ളയുടെ സഹനശക്തിയിന്മേലുള്ള ഒരാഞ്ഞടി തന്നെയായിരുന്നു: അദ്ദേഹം ചാടിയെഴുന്നേററു ഉറക്കെപ്പറഞ്ഞു:-

ഇറങ്ങെടാ വെളിയിൽ!

അതിഥി അമ്പരന്നു അയാളെ തുറിച്ചു നോക്കിക്കൊണ്ടിരുന്നു പോയി. ഗോവിന്ദപ്പിള്ള അലറി:—

ഛ്-ഇറങ്ങാനാണു പറഞ്ഞതു്.

അതിഥി സഗൗരവം എഴുന്നേററു് കുടയും വടിയും ചെരിപ്പുമായി വെളിയിലേക്കു നടന്നു ഗേററിങ്കലെത്തിയപ്പോൾ തിരിഞ്ഞു നിന്നു അയാൾ പറഞ്ഞു:-

തന്നെയിതിനു ഞാൻ പഠിപ്പിച്ചേക്കാമെടോ?

ഛീ നായേ!

കോപാക്രാന്തനായ ഗോവിന്ദപ്പിള്ള മിററത്തേക്കു ചാടി. അതിഥിപെട്ടെന്നു ഗേററിനു വെളിയിലായി.

ബഹളം കേട്ടു വെളിയിലേക്കോടിവന്ന മൂത്ത മകൾ ചോദിച്ചു:-

എന്തു പററിയച്ഛാ?

അവന്റെ സഹതാപം! അവനെന്റെ വിഷമം കണ്ടു രസിക്കണം! അവനാണല്ലോ പന പോലെ വളർന്ന നാലാമ്പിള്ളേരു്! ഗോവിന്ദപ്പിള്ള കോപത്തോടെ കൈ തിരുമ്മി.

( ശേഷം 9-ാം പേജിൽ )

എം. വി. ദേവൻ

# കാവ്യപീഠിക

പ്രൊഫസർ മുണ്ടശ്ശേരിയുടെ വെട്ടിപ്പടരുന്ന പ്രശസ്തിപ്പെരുമയ്ക്കു മാറെറാന്നു കൂടി കൂട്ടിയിരിക്കുന്നൊരു ശാസ്ത്രഗ്രന്ഥമാണ് "കാവ്യപീഠിക" പാശ്ചാത്യപൗരസ്ത്യസാഹിത്യ മീമാംസകരുടെ ഉൽകൃഷ്ടാഭിപ്രായങ്ങളെ സ്വാതന്ത്ര്യചിന്തയുടെ വെളിച്ചത്തിൽ പരിശോധിച്ചതിന്റെ പരിണതഫലമാണ് "പീഠിക". പുനഃപരിശോധനചെയ്തു തിരുത്തേണ്ടിയിരുന്ന വ്യാഖ്യാനങ്ങൾ സൃഷ്ടിക്കപ്പെട്ട പല സംസ്കൃത കൃതികളുടെയും, അന്തസ്സാരം കാണുവാൻ, കൈരളി ഇത്രകാലവും കാത്തിരിക്കേണ്ടിവന്നു. പാശ്ചാത്യരുടെ കലാതത്വങ്ങൾക്കു പൗരസ്ത്യരുടേതിനോടു സാധർമ്മ്യം തെല്ലുമില്ലെന്ന യഥാസ്ഥിതികരുടെ പിടിവാശി ശശവിഷാണപ്രായമായതാണെന്നു മനസ്സിലാക്കാൻ കൈരളി ഇത്രകാലവും തപം ചെയ്യേണ്ടിവന്നു. പ്രത്യാശോന്മുഖമായ പ്രതീക്ഷയ്ക്കിടയിൽ, അവളനുഭവിക്കേണ്ടിവന്ന നോവുകൾ ഫലപ്രാപ്തിയുടെ സന്തോഷസ്മരണത്തിന്ന് മേളിക്കൂട്ടിയിട്ടുണ്ടെന്നാശ്വസിക്കാം. കൈരളിയുടെ ആശകൾ പൂച്ചെണ്ടണിഞ്ഞിരിക്കുന്ന പീഠികയെ നമുക്കൊന്നാസ്വദിക്കുക:

പീഠികയുടെ ബീജാവാപം

കാവ്യോൽകൃഷ്ടത ശബ്ദാലങ്കാരപ്പുറംപൂച്ചുകളിലാണെന്ന് അടിയുറച്ചു വിശ്വസിക്കുകയും, ആ വിശ്വാസം മാനദണ്ഡമാക്കി വൃത്തവും പ്രാസവുമൊത്ത പദ്യങ്ങളെ കാവ്യവേദിയിൽ ക്ഷണിച്ചിരുത്തുകയും ചെയ്തുകൊണ്ടിരുന്ന യാഥാസ്ഥിതികരുടെ നേരെ ഉല്പതിഷ്ണുക്കൾ ഒരു കാലത്തു പടയോടുക്കേണ്ടിവന്നിട്ടുണ്ട്. ആ പടയായിരുന്നു പ്രാസവാദം. അന്നത്തു് കേവലമൊരു പ്രാസവാദമായേ പലരും പരിഗണിച്ചിരുന്നുള്ളുവെങ്കിലും, യഥാർത്ഥത്തിൽ ഉല്പതിഷ്ണുക്കൾ വിവക്ഷിച്ചിരുന്നതു് കാവ്യശോഭ ആത്മാവിലാണ് (ആശയത്തിലാണ്) കുടികൊള്ളുന്നതെന്നായിരുന്നു. വ്യക്തികളെ നോക്കി "അളവില്ല കല്ലുവില്ല" കല്പിക്കുന്ന അക്കാലത്തു കൈപൊക്കികളായ കുറേപ്പേർ പുത്തനഭിപ്രായത്തിനെതിർനിന്നെങ്കിലും ഇന്ന് ആ അഭിപ്രായം സർവത്രയും ദൃഢമൂലമായിത്തീർന്നിരിക്കുന്നു. രാജരാജവർമ്മയും, അനുയായികളും അന്നു വെളിവിളിറക്കിയ സമുചിതാഭിപ്രായമാണ് പീഠികാകർത്താവ് ഔചിത്യാനൗചിത്യ വിവേചനാശീലത്തോടെ, തന്റെ ഗ്രന്ഥത്തിൽ പരത്തിപ്പറഞ്ഞിരിക്കുന്നതു്. കാവ്യാത്മാവിന്റെ അംഗോപാംഗഘടന എത്രയധികം ത്താവുമാറായാലും, ബാഹ്യാംശങ്ങൾക്കു കുറവൊന്നും പററിക്കൂടെന്നു ഉശിച്ചു വാദിക്കുന്നവർ ഇന്നുമിപീഠിക കണ്ടാൽ കുപ്പായമൂരിയേക്കും. പക്ഷെ അവരെയാർ ഗൗനിക്കുന്നു?

പീഠികയിൽ

കലാകാരന്മാരുടെ സംസ്കൃത ഹൃദയങ്ങളിൽ അഞ്ഞുപതിക്കുന്ന ഭാവങ്ങളെ തരംതരം നോക്കി വേറിട്ടു നിർത്തി, അവയുടെ പ്രകാശനത്തിൽ വ്യത്യസ്ത കലാകാരന്മാർക്കനുഭവിക്കേണ്ടിവരുന്ന വിവിധോപാധികളെ സരസമായി ചർച്ചചെയ്തുകൊണ്ടാരംഭിക്കുന്ന പീഠിക പടിപടിയായി കയറിയങ്ങു പോവുകയാണ്. പുതുതായി യാതൊരു തത്വവുമാവിഷ്കരിച്ചിട്ടില്ലെന്ന പഴമക്കാർക്കാശ്വാസം കൊള്ളാം. അതേ അവസരത്തിൽ, പുതുമക്കാർക്കു, പഴയ മാറാലവലകളാകുന്ന വ്യാഖ്യാനങ്ങളിൽനിന്നും സങ്കുചിതവീക്ഷണകോണങ്ങളിൽനിന്നും അകന്നുനിൽക്കുന്ന ഉത്തമതത്വങ്ങളെ കെട്ടിപ്പുണരാം. ശ്രീ കുട്ടികൃഷ്ണമാരാരഭിപ്രായപ്പെട്ടതുപോലെ 'ഇരുട്ടംതപ്പം' കൂടിത്താനോ നീയോയെന്നു മത്സരിച്ചുകൊണ്ടിരിക്കുന്ന മലയാളസാഹിത്യത്തിലേക്കു കടന്നുവരുന്നൊരു വെയിൽനാളം തന്നെയാണ് പീഠിക. കലയുടെ കാതൽ ഭാവമായ ആവർത്തനമാണെന്നു ധരിച്ചു ചില പണ്ഡിതന്മാരിക്കാലത്തുമുണ്ടെങ്കിൽ അവർക്കു കാര്യം മനസ്സിലാക്കിക്കൊടുക്കുവാൻ വിശേഷിച്ചും കാവ്യപീഠികയുടെ പൂർവ്വഭാഗം പ്രയോജനകരമായിട്ടുണ്ട്. സംഗീതാദികലകൾക്കുള്ള മാനദണ്ഡം സാഹിത്യകലയെ ചമക്കുന്നതിനു പര്യാപ്തിക്കുന്നതിലുള്ള അനൗചിത്യം വ്യക്തമാക്കുന്നതോടെ കവിതയിൽ ശബ്ദാടോപത്തിനുള്ള സ്ഥാനവും അടിപുഴകുന്നതായിക്കാണാം. ഹൃദയത്തിൽനിന്നുദ്ഗമിക്കുന്ന ആയിരമായിരം വികാരങ്ങളും അവയ്ക്കു മൂടിച്ചൂടിനിൽക്കുന്ന അനുഭാവാസ്ഥാപിതങ്ങളായ സ്ഥായീഭാവങ്ങളും ക്രമിട്ടൊതുക്കി പ്രകാശിപ്പിക്കാൻ വെമ്പൽകൊള്ളുന്ന കലാകാരനെ ബാഹ്യാവയവമാത്രശ്രദ്ധനായി കരകൗശലം കാണിക്കാനെവിടെ സമയം? നൈസർഗ്ഗികമായ കരകൗശലത്തിനു തന്നെ കലാകൗശലത്തിന്റെ തോഴനായി കീഴ്‌വഴങ്ങിനിൽക്കാനേ തരമുള്ളു.

രസവിശകലനഘട്ടത്തിൽ നമ്മുടെ പല പഴയ നിരൂപകനാമധാരികളുടെയും ഉള്ളുകള്ളി 'നിലാവിലിറക്കിയ കോഴി'യെപ്പോലെ പുറത്തിത്തപ്പെട്ടിട്ടുണ്ട്. രസവിനിവേശത്തിലും, ആലംബനോദ്ദീപന ഭാവവിശേഷങ്ങളിലും ഹിമാലയൻപാകപ്പിഴകൾ പററിപ്പോയാലും ശബ്ദപരിചരണത്തിനു കുറവൊന്നും വന്നില്ലെങ്കിൽ നമ്മുടെ പഴയ നിരൂപകന്മാർ "ജേഷ്" വിളിക്കാനത്രയും മതിയായിരുന്നു. അവർ വിളിച്ചിട്ടുമുണ്ട്! ശബ്ദപരിചരണത്തിൽ കൈയ്യൽപ്പം വിറച്ചുവെന്ന തോന്നലേ വേണ്ടിവന്നിരുന്നുള്ളു കാവ്യം പൊട്ടയാണെന്ന ചില നിരൂപകന്മാർക്കു ഘോഷിക്കുവാൻ.

"മുണ്ഡനം ചെയ്തു ശിരസ്സും മുഖചന്ദ്ര-
മണ്ഡലം താനും മസൃണമാക്കി"

എന്നു തുടങ്ങുന്ന ചണ്ഡാലഭിക്ഷുകിയിലെ ആനന്ദവർണ്ണനയിൽ 'ണ്ഡാ'ദികളായ ഏതാനുമക്ഷരങ്ങൾ കയറിക്കൂടിയതിനാൽ ശാന്തിരസം കുന്നത്തില്ലാതെന്ന കണ്ടുപിടിച്ചു്, ആശാൻ രസവിഷയത്തിൽ അനഭിഹിതയായിരുന്നുവെന്നുവരെപ്പറയാൻ പുറപ്പെട്ട പണ്ഡിതന്മാരില്ലേ നമ്മുടെ നിരൂപകസംഘത്തിൽ? അവർക്ക് പിന്നീട് അംഗാംഗിരസങ്ങളെക്കുറിച്ചും അവയുടെ വിനിവേശക്രമത്തെക്കുറിച്ചു, മററു ചില പണ്ഡിതന്മാർ ഒരു സ്റ്റഡിക്ലാസ്സ് തന്നെ നടത്തേണ്ടി വന്നിട്ടുണ്ട്. അതവിടെ നിൽക്കട്ടെ. ഇതായിരുന്നു ഭാഷയിലെ രസചർച്ചാരീതി. കാവ്യപീഠികയാകട്ടെ ഈ സമ്പ്രദായം അശാസ്ത്രീയവും, അടിസ്ഥാനരഹിതവുമാണെന്നു സുവ്യക്തമാക്കുന്നു. അതുകൊണ്ടാണു കാവ്യപീഠികയിൽനിന്നുൽസ്രവിക്കുന്ന പ്രകാശനാളങ്ങൾ കൈരളിക്കൊരു പുതുവെളിച്ചം പ്രദാനം ചെയ്തിട്ടുണ്ടെന്നു കരുതപ്പെടുന്നതു്.

കാവ്യപീഠികയിൽ കരുണരസത്തിനു ഒരധ്യായം പ്രത്യേകിച്ച് തിരിച്ചുകൊടുത്തതായിക്കാണാം. അതേതായാലും നന്നായി. വിഷാദത്തിന്റെ പേരും പറഞ്ഞു ഒട്ടേറെ വാദപ്രതിവാദങ്ങളും ഖണ്ഡനമണ്ഡനാദികളും നടന്നൊരു കാലത്തിൽ കരുണത്തെക്കുറിച്ചുള്ള ആ വിപുലചിന്ത സമുചിതമായിട്ടുണ്ട്. ലോകത്തിലെ ഏതുസാഹിത്യത്തിലെയും എണ്ണം പറഞ്ഞ കൃതികളെല്ലാം കരുണത്തിൽ വിളഞ്ഞ മുകുന്ദഫലങ്ങളാണെന്നിരിക്കെ കേരളത്തിന്റെ നൻമേട്ടങ്ങളായ ചില കവിതകളെ മാത്രം തരംതാഴ്ത്തിക്കാണുന്നവർ ആ ഭാഗമൊന്നു പഠിച്ചു തീരൂ. നിരാശകളെക്കുറിച്ച് മാത്രം എപ്പോഴും പാടിക്കൊണ്ടിരിക്കുന്ന ചില വിഷാദാത്മകരായ കവികളുണ്ടു നമുക്ക്. പക്ഷെ അവരെയത്രയും വിഷാദോപാസകന്മാരാക്കിയതു നമ്മുടെ നാട്ടിലെ അരപ്പണ്ഡിതന്മാരും, മുറിനിരൂപകന്മാരുമാണ്. പതിന്നാലാം വയസ്സിൽ പച്ചശൃംഗാരകൃതിയെഴുതിയ കുമാരുവാണ് ഇന്നു നാമാരാധിക്കുന്ന ശ്രാന്താസൂക്ഷ്മശരീരവും, കലർപ്പില്ലാത്ത ശാരവുമായ നളിനി തുടങ്ങിയ ഉൽകൃഷ്ട കവിതകളുടെ പ്രണേതാവായ കുമാരനാശാനെന്നോർക്കുമ്പോൾ നമുക്കു തോന്നു

ന്നില്ലേ, ശ്രീനാരായണന്റെ ആ സംസ്കരണമാണു കേരളഭാഗധേയം കുറിച്ചതെന്ന്? സംസ്കാരാത്മകമായ പ്രോത്സാഹനമില്ലാതെ പോയതുകൊണ്ടു നമുക്കു ചില ഉൽകൃഷ്ടകവിതകൾ നഷ്ടപ്പെട്ടു. ആശയവും, തത്വചിന്തയുമെല്ലാം സാഹിത്യത്തിലേക്കു ചേർപ്പുകളാണെന്ന വിദേശീയാഭിപ്രായം പുറപ്പെടുവിച്ചവരും ആ അധ്യായം വായിക്കുന്നതു നന്ന്.

വിഷയമേതായാലും തങ്ങളുടെ പാണ്ഡിത്യപ്പെരുംഭാണ്ഡമഴിച്ചു നിരത്തിയാലേ മതിയാവൂ എന്ന ദുർവാശി പിടിക്കുന്ന കേരളത്തിലെ കവികൾ ധ്വനിയ്ക്കു അർഹിക്കുന്ന സ്ഥാനം കൊടുത്തിട്ടില്ലെന്നു വ്യക്തമാക്കുന്ന പീഠികാകർത്താവിന്റെ വിമർശനബുദ്ധിക്കുമുമ്പിൽ കേരളത്തിലെ സുപൂജിതരായ ചില സാഹിത്യകാരന്മാരുടെ പരിവേഷങ്ങൾ തകർന്നുപോകുന്നുണ്ട്. കവിതയെ നോക്കാതെ കവിയെനോക്കി അഭിപ്രായം പറയാറുള്ള കഴിവിന്റെ അഭാവംമൂലം ശോഷിച്ചുള്ള കേരളത്തിൽ ചിലർക്കിതു രസിച്ചില്ലെന്നുവരും. കാളിദാസന്റെ മേഘസന്ദേശത്തെപ്പോലും കവച്ചുനിൽക്കുന്നൊരു കൃതിയായി വിലയിരുത്തപ്പെടുന്ന മയൂരസന്ദേശത്തിലെ പല പ്രൗഢകൃതശ്ലോകങ്ങളുടെയും ധ്വനിരൂപം കളഞ്ഞു കുളിക്കപ്പെട്ടിട്ടുണ്ടെന്നു കാണിക്കുമ്പോൾ എന്തിനു നെറ്റിചുളിക്കണം? അലങ്കാരചർച്ചയിലും ഉദാഹരണമാക്കപ്പെട്ട കവിതാഖണ്ഡങ്ങളുടെ കർത്താക്കൾ അവരുടെ മേൽ ഇന്നുവരെ കെട്ടിപ്പൊക്കപ്പെട്ട എന്താനും പ്രശംസാജാലങ്ങളിൽ നിന്നും ഒഴിച്ചുമാറ്റപ്പെടുന്നതായി കാണാം. പറയുന്നതു ശരിയോ എന്നു ചിന്തിക്കുന്നവർക്കു അവിടെയും ശിരസ്സു കുനിക്കുകയേ നിർവാഹമുള്ളൂ. ആശയപ്രകാശനത്തിനു പദങ്ങൾമാത്രം പോരെന്നു തോന്നുമ്പോൾ സ്വീകരിക്കപ്പെടേണ്ടൊരാശയപ്രകാശനസാമഗ്രി മാത്രമാണു അലങ്കാരമെന്ന പാശ്ചാത്യപൗരസ്ത്യസിദ്ധാന്തങ്ങളെ അനുവദിക്കുവാൻ ഇനിയെങ്കിലും നമ്മുടെ കവികൾ ഒരുങ്ങിക്കഴിഞ്ഞെങ്കിൽ:

പാത്രവിധാനമെന്നൊന്നു ഭാരതീയകലാതന്ത്രങ്ങളിൽ കാണുന്നില്ലല്ലോയെന്ന അഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തി നമ്മുടെ സാഹിത്യസിദ്ധാന്തങ്ങളുടെ ഹൃദയം തുറന്നു കാണിക്കുന്ന പീഠികാകർത്താവ് ആ കർമ്മം നിർവഹിക്കുമ്പോഴും എന്തിലുള്ളതു വ്യംഗ്യരൂപത്തിൽ പാത്രവിധാനത്തെക്കുറിച്ചു ഭാരതീയാചാര്യന്മാർ അനുശാസിച്ചിട്ടുണ്ടെന്ന അഭിപ്രായത്തിലാണ്. നാടകാന്തം കവിത്വമെന്നുള്ള ചൊല്ലിൽ ഏറിയകൂറും അടങ്ങിയിരിക്കുന്ന തത്വവും അതാണെന്നു സമ്മതിച്ചേ തീരൂ. നമ്മുടെ മിടുമിടുക്കൻകവികൾക്കുപോലും പാത്രവിധാനവിഷയത്തിൽ ജയിക്കാനുള്ള കഴിവു വളരെ കഷ്ടിയാണെന്നു സോദാഹരണം തെളിയിക്കപ്പെടുന്നുണ്ട്. ഭാഷയിലെ പാത്രവിധാന മർമ്മജ്ഞതയ്ക്കു പ്രകടോദാഹരണങ്ങളാക്കപ്പെടുന്ന 'നളിനീ' 'ദിവാകര'ന്മാരുടെയും, ലീലാമദനന്മാരുടെയും വിധാതാവായ കവിയുടെനിലയിൽ നിന്നും ഉയർന്നൊരു പടിയിലേക്ക് ഇനിയും കേരളസാഹിത്യകാരന്മാർ ഉയർന്നില്ലെന്നതെത്ര ശോചനീയം? പരിഷ്കൃതങ്ങളായ ആശയങ്ങളും അവയെ പ്രകാശിപ്പിക്കാനുള്ള സംസ്കാരസംപൂജ്യമായ ഹൃദയപ്രീതിയുമനുസരിച്ചിരിക്കും, രീതിയും ഭാഷയുമെന്നു പീഠികാകർത്താവു സരസമായി പ്രതിപാദിക്കുന്നുണ്ട്. ഉള്ളിൽ തിങ്ങിക്കിടക്കുന്ന ഭാവങ്ങളെ അനുവാചകർക്കഭിരുചിയുളവാക്കുമാറും അവരുടെ ഹൃദയത്തിൽ ആണ്ടുപതിക്കുമാറും പ്രകാശിപ്പിക്കുകയെന്ന കലാകുശലതയുടെ കൊടി പാറത്തിയ രീതികൾക്കും ഭാഷാപ്രയോഗപ്രവണതയ്ക്കും മുമ്പിൽ പീഠികാകർത്താവർപ്പിക്കുന്ന കൃതജ്ഞതാഹാരങ്ങൾ ഉചിതസ്ഥാനീയങ്ങൾ തന്നെയെന്നു പറയണം. പ്രസാദോജോമാധുര്യങ്ങളെ പൗരസ്ത്യരും പാശ്ചാത്യരും ഒരുപോലെ വിലയിരുത്തിപ്പുകഴ്ത്തിപ്പോന്നിട്ടുണ്ട്. അതിനിടയിൽ പൗരസ്ത്യരുടെ പാഞ്ചാലീ ഗൗഡീ തുടങ്ങിയവ നിഷ്പ്രഭങ്ങളായിത്തീരുന്നു.

കാവ്യത്തിന്റെ ആത്മാവിൽനിന്നു തുടങ്ങി ശരീരത്തിലോളമെത്തിയവസാനിക്കുന്ന പീഠികയിലെ പല വശങ്ങളും വായിച്ചുപഠിച്ചുകഴിച്ചുവെക്കേണ്ടവയാണ്. പാശ്ചാത്യസാഹിത്യാഭിപ്രായങ്ങളെ പൗരസ്ത്യസാഹിത്യകാരികകളുമായിടതട്ടിച്ചുനോക്കിത്തനിനിറം കാണിച്ച് ഈ പ്രയത്നം സർവഥാ സായൂജ്യമായിട്ടുണ്ട്. അവിടവിടെക്കാണുന്ന ചില സൂചിതാഭിപ്രായങ്ങളാകുന്ന പീരങ്കിയുണ്ടകൾ പ്രശംസാമാത്രസുരക്ഷിതരായ ചില സാഹിത്യകാരന്മാർക്കു സ്ഥാനം നൽകാൻ മാത്രം കെട്ടിപ്പൊക്കപ്പെട്ട അടിസ്ഥാനരഹിതമായ സാങ്കേതികക്കോട്ടയുടെ ഇടിഞ്ഞുവീഴാറായ കൽച്ചുമരിന്നു കണക്കിനു കൊണ്ടിട്ടുണ്ടെന്നു കാണാം. അതുകൊണ്ടുതന്നെയായിരിക്കണം ആ ഭിത്തിപ്പിളർപ്പുകളിലും, പൊത്തുകളിലും അഭയം പ്രാപിച്ചിരുന്ന ചില മാക്രികളും, തവളകളും പരിഭ്രമിച്ചു പുറത്തു ചാടി 'കരകര' ശബ്ദം മുഴക്കുന്നതു്. ഇതെന്തായാലുമൊരു ശുഭലക്ഷണം തന്നെ.

പ്രതിപാദനരീതി

ശബ്ദസാകൃതികളിൽ നിന്നും സാഹിത്യം ഉയർന്നേ മതിയാവൂ എന്ന ഉറച്ച അഭിപ്രായങ്ങളെ പ്രകാശിപ്പിക്കുന്ന പീഠികയിലെ പ്രതിപാദനരീതിയാണെങ്കിൽ അതുമൊട്ടു സവിശേഷമായിട്ടുണ്ട്. ആശയങ്ങളെല്ലാം സ്ഫടികസ്ഫുടം, ഒതുക്കിയൊതുക്കി പ്രകാശിപ്പിക്കാനുള്ള കഴിവിന്റെ മുടിചൂടലാണു നാം പീഠികയിൽ കാണുന്നതു്. പ്രൊ. മുണ്ടശ്ശേരിയുടെ ആദ്യകാലപ്രബന്ധങ്ങളുമിതും തട്ടിച്ചുനോക്കിയാൽ നമുക്കു മനസ്സിലാകും, വിജ്ഞാനവർദ്ധനവു മനുഷ്യന്റെ കഴിവുകൾക്കു ഒളിചേർക്കുന്നതു് ബാഹ്യാകാരമായ ഭാഷയിലൂടെയല്ല, ആശയത്തിലൂടെയാണെന്ന്. അന്നൊരു മേഘനിർഘോഷസമാനമായുയരാറുള്ള ആ ഭാഷ ഇന്നെത്രയോ ഒതുങ്ങിക്കഴിഞ്ഞിരിക്കുന്നു- ലളിതതയും അനാർഭാടതയും അദ്ദേഹത്തിന്റെ ഭാഷയെ സുശക്തമാക്കിത്തീർത്തിട്ടുണ്ട്. അർത്ഥനിവേദനത്തിനാവശ്യമില്ലാത്ത ഒരൊറ്റപ്പദമെങ്കിലും കടന്നുകൂടാത്ത ആ മിതവ്യയശീലത്തിനു മുമ്പിൽ കുമ്പിട്ടേ മതിയാവൂ. ഭാഷാവിഷയകമായി വളരാനാഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കു പഠിച്ചനുകരിക്കാൻകൊള്ളുന്ന ഒരു ഉത്തമ ഗദ്യരീതിയാണിതിലുള്ളതെന്നു തീർത്തു പറയാം. അതുമെരുക്കി വശപ്പെടുത്താൻ അത്യധികം ശ്രമപ്പെടണം. പക്ഷെ വിജയത്തിൽ വിശ്വസിച്ചു് കൊണ്ടു മുന്നോട്ടു പോവുക.

ഭാഷയ്ക്കു സ്വന്തമായുള്ള ശാസ്ത്രീയഗ്രന്ഥസമ്പാദ്യം വളരെപരിമിതമാണ്. കേരളപാണിനീയം, ഭാഷാഭൂഷണം, മലയാളശൈലി, അങ്ങിനെ വിരലിലെണ്ണിയെടുക്കാവുന്ന ഗ്രന്ഥങ്ങൾക്കിടയിൽ, ഒന്നായി തലനിവർന്നിരിക്കുന്നു ഈ പീഠികയും. കൈരളിയുടെ അടുത്ത കാലത്തെ ഒരു വമ്പിച്ച നേട്ടമാണ് പീഠികയെന്നു പറയുന്നതിൽ ഏതൊരു ഭാഷാഭിമാനിക്കും കൃതാർത്ഥതയ്ക്കേ വഴിയുള്ളൂ. കാവ്യപീഠിക കർത്താവിന്റെ സുവിദഗ്ദ്ധ പാണികളിൽനിന്നും ഇനിയും ഇത്തരം ഉത്തമഗ്രന്ഥങ്ങളെ നമുക്ക പ്രതീക്ഷിക്കുവാൻ അർഹതയുണ്ട്- കൃതജ്ഞതാപരവശയായ കൈരളീദേവിയുടെ അധരപുടങ്ങളിൽപുരളുന്ന മൃദുസ്മേരം പീഠികാകർത്താവിനു ഇനിയും പ്രോത്സാഹനമരുളട്ടെ.

---


# സുകൃതൻ

പുറമെ മാത്രം പുരട്ടിയാൽ തേമൽ പൊരിയുണ്ണി, പുഴുക്കടി, പൊരിയുണ്ണി, ചുണങ്ങു, ഇവകൾ നിശ്ശേഷം മാറും.

ഒരാളിനുള്ള കുപ്പി 1-ക്കു വില ക.2 മാത്രം. ഫലപ്രാപ്തിയുള്ള ഞങ്ങളുടെ ആയുർവേദഔഷധങ്ങൾ ഒരിക്കൽ പരീക്ഷിച്ചറിയുവിൻ.

എൻ. മാധവൻവൈദ്യൻ
(V. V. Visarad)
എം. എ. ഫാർമസി
ചിന്നക്കട കൊല്ലം

രജനീപാമദത്ത്

# എന്റെ ഇന്ത്യൻ പര്യടനം

iii

ഏപ്രിൽ 1

രസകരമായ ചൂട്. എല്ലാവരും എന്നോടു ചോദിക്കുന്നുണ്ട്. ചൂടു നിങ്ങൾക്കു അസൗകര്യമുണ്ടാക്കുന്നുണ്ടോ?

ഇംഗ്ലണ്ടിൽ കൽക്കരി കിട്ടാത്ത ഒരു കൊല്ലക്കാലം മുഴുവൻ നയിച്ചതിനുശേഷം ഇപ്പോൾ എനിക്കു സ്വയം പറയാൻ തോന്നുന്നു. "പോകൂ, ചൂട് ഏൽക്കൂ; അതിനെ ധൂർത്തടിച്ചു ചെലവാക്കൂ; അങ്ങിനെ ഉല്ലസിക്കൂ."

"എന്തൊരു മനോഹര ദിവസം!" എന്ന് ഓരോ ദിവസവും ഉച്ചത്തിൽ വിളിച്ചുപറയാതിരിക്കാൻ എനിക്കിപ്പോഴും വലിയ വിഷമം തോന്നുന്നു. ഓരോ ദിവസവും കാലത്ത് എഴുന്നേൽക്കുമ്പോൾ ഇത്രമേൽ പ്രകാശവും വെയിലുമുള്ള ദിവസത്തിന്റെ ഒരു മിനിട്ടുപോലും വെറുതെ കളയാൻ പാടില്ലാത്തതാണെന്ന് എനിക്കു തോന്നാറുണ്ട്. തീർച്ചയായും ഇപ്പോഴും ചുട്ടുപഴുത്ത ദിവസങ്ങളായി ഇവിടെ എന്നു പറയാറായിട്ടില്ല. ചൂടുള്ള ദിവസമെന്നേ പറഞ്ഞുകൂടൂ. തണലിൽ ചൂട് ഇപ്പോഴും 100 ഡിഗ്രിയിൽ കൂടുകയില്ല. ഇടയ്ക്കു ചിലപ്പോൾ ഇതു 120 ഡിഗ്രി വരെയ്ക്കുമായേക്കാമെന്നു ഞാൻ മനസ്സിലാക്കുന്നു. ഇപ്പോഴത്തെ ഇവിടത്തെ ചൂട് ഇംഗ്ലണ്ടിലായിരുന്നെങ്കിൽ തീർച്ചയായും ചുട്ടുപഴുപ്പിക്കുന്ന ഒന്നായേനെ. പക്ഷെ, ഇവിടത്തെ ജീവിതം ഈ ചൂടിന്നനുസരിച്ചാണു സംഘടിപ്പിച്ചിരിക്കുന്നത്. കെട്ടിടം നിർമ്മിച്ചിരിക്കുന്ന സമ്പ്രദായംതന്നെ ചൂടിനെ ചെറുക്കാൻ പററിയതാണ്. വേനൽക്കാലത്തേക്കു പററിയ നേരിയ ഉടുപ്പുകൾ ധരിച്ച് ഇവിടെ സുഖമായി സഞ്ചരിക്കാം. തുന്നൽവേലക്കാരനായ ഒരു സഖാവ് എനിക്കുവേണ്ടി പുതിയതായി നല്ല മിനുക്കവും ഇളംകറുപ്പു നിറവുമുള്ള പരുത്തിത്തുണികൊണ്ടു കോട്ടും കാലുറകളും ഉണ്ടാക്കിത്തന്നിരിക്കുന്നു. നല്ല ഭംഗിയും നേർമ്മയുമുള്ള ഈ ഉടുപ്പും ചെരിപ്പുമാണു ഞാൻ ധരിക്കുന്നത്.

ഇന്നു കാലത്തു ഞങ്ങളിൽ ചിലർ ടാററാ നാഷനൽ എയർവെയ്സുകാരുടെ വിമാനത്താവളത്തിൽ വല്ലഭായ്പട്ടേലിനെ സ്വാഗതംചെയ്യാനായി പോയിരുന്നു. കെട്ടുകഥകളിലെ ഒരു കഥാപാത്രമെന്നപോലെ കോടീശ്വരനും കോൺഗ്രസ്സിന്റെ ഒരു വലിയ സഹായിയുമായ ജി. ഡി. ബിർളയുമായി പരിചയപ്പെടുവാൻ എനിക്കിന്ന് അവസരമുണ്ടായി. പ്രവർത്തകക്കമ്മററിയംഗമായ മി. ആസഫ് അലിയുമായി പ്രയോജനപ്രദമായ ഒരു സംഭാഷണവും ഞാൻ നടത്തി. ഞങ്ങളെല്ലാ ജയിലിൽ തടങ്ങലിൽ വച്ചിരുന്ന ചുരുക്കം കൊല്ലങ്ങൾക്കുള്ളിൽ പോലും ഇന്ത്യയിൽ എന്തൊരു വമ്പിച്ച മാററമാണുണ്ടായതെന്ന് അദ്ദേഹം എനിക്കു പറഞ്ഞുതന്നു. തടങ്ങൽ പാളയത്തിൽനിന്നു വെളിയിൽ വന്നപ്പോൾ അവർക്കു ഇന്ത്യയെപ്പററി യാതൊന്നുമറിയില്ലെന്നു സ്വയം തോന്നിപ്പോയത്രെ. എന്നിട്ടു വീണ്ടും അവർ ഇന്ത്യയെ പുതുതായൊന്നു പഠിക്കുകയാണുപോൽ ചെയ്തതു്.

ഞങ്ങൾ ബിർളാഹൗസിലേക്കു കാറോടിച്ചുപോയി. പട്ടേൽ അവിടെയാണു താമസിക്കുന്നതു്. അടുത്ത കുറച്ചു ദിവസങ്ങൾക്കുള്ളിൽ അദ്ദേഹവുമായി ഹൃദയം തുറന്നു എല്ലാ കാര്യങ്ങളെയും സ്പർശിക്കുന്ന ഒരു നീണ്ട സംഭാഷണം നടത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യാൻ എനിക്കു സാധിച്ചു.

ദേശീയനേതാക്കന്മാർക്കു നിവസിക്കുവാൻ നൽകിയിട്ടുള്ള ഈ മഹത്തായ കൊട്ടാരങ്ങളിൽക്കൂടി നടന്നുപോകുമ്പോഴും എത്രയും സൗശീല്യത്തോടും ആദരവോടുംകൂടി ഈ കൊട്ടാരങ്ങളിൽവച്ച് അവർ എനിക്കു സ്വീകരണം നൽകുമ്പോഴുമെല്ലാം എന്റെ മനോദൃഷ്ടികൾക്കു മുമ്പിൽ നൂററമ്പതു മെമ്പർമാരുള്ള ദൽഹിയിലെ ഒരു കമ്മ്യൂണിസ്റ്റ്പാർട്ടിബ്രാഞ്ചിലെ ഇരുപത്തഞ്ച് പ്രവർത്തകന്മാർ ഈ സമയത്തു അറസ്റ്റിനു വഴിപ്പെട്ടു കേസുവിചാരണയെ പ്രതീക്ഷിച്ചു കഴിച്ചുകൂട്ടുന്നതും വിവിധകേന്ദ്രങ്ങളിൽ കമ്മ്യൂണിസ്റ്റുകാർക്കെതിരായി നിരംകുശമാംവിധം പ്രയോഗിക്കപ്പെട്ടിട്ടുള്ള ആക്രമം, തെമ്മാടിത്തം, നഗ്നമായ കൊലപാതകം എന്നിവയുടെ ഗൗരവമേറിയ അനുഭവങ്ങളും പ്രത്യക്ഷപ്പെടാതിരിക്കുന്നില്ല. എല്ലാവിധത്തിലും വളരെ കുഴപ്പം നിറഞ്ഞതും തകരാറുപിടിച്ചതുമായ ഒരു സ്ഥിതിയാണിവിടെ ഉള്ളതു്. ഇതിനെ ശരിയായ രീതിയിൽ സമീപിക്കുന്നതിനു കൂടുതൽ ശ്രദ്ധ ആവശ്യമാണു്.

എന്റെ തുന്നൽജോലിക്കാരനായ സഖാവിനെ ഇപ്പോൾതന്നെ അറസ്റ്റു ചെയ്തിരിക്കുന്നുഎന്നു ഇതെഴുതിക്കൊണ്ടിരിക്കുമ്പോൾ ഞാൻ ഇതാ കേൾക്കുന്നു.

ഏപ്രിൽ 2

ഇന്നു കാലത്തു അഖിലേന്ത്യാ റേഡിയോഭാരവാഹികൾ എന്റെ അടുത്തുവന്ന് "ഈ ആഴ്ചയിൽ ഇന്ത്യയിൽ വന്ന ഒരു അതിഥി"യെന്നനിലയിൽ പത്തുമിനിട്ടുനേരത്തെ ഒരു പ്രക്ഷേപണപ്രസംഗം ചെയ്യണമെന്നായിരുന്നു അവരുടെ ആവശ്യം. പക്ഷെ ഒരു നിബന്ധനയുണ്ട്. പ്രസംഗം രാഷ്ട്രീയമാവരുതു്. ഈ നിബന്ധന ഞാൻ തികഞ്ഞ സൗമനസ്യത്തോടെ സ്വീകരിച്ചു. കാരണം രാഷ്ട്രീയകാര്യങ്ങൾ ഗവർമ്മെണ്ടുകളും പാർട്ടികളും ബഹുജനസംഘടനകളും മററുമായി മാത്രം ബന്ധപ്പെട്ട മറെറല്ലാററിൽനിന്നും വേർപെട്ടു നിൽക്കുന്ന ഒരു പ്രത്യേക 'കമ്പാർട്ടുമെൻറാ'ണു എന്നാണു ഉദ്യോഗസ്ഥലോകം ഇപ്പോഴും വിചാരിക്കുന്നതു് എന്ന് എനിക്കു നല്ലപോലെ അറിയാം. ഇക്കാലത്തു ബുദ്ധിപൂർവകമായ ഏതൊ


## മന്മഥചിന്താമണിലേഹ്യം

ഇതു് പുരുഷന്മാർക്കു് ധാതുസംബന്ധമായുണ്ടാകുന്ന എല്ലാവിധരോഗങ്ങളെയും ഉന്മൂലനാശം ചെയ്തു് ശരീരത്തിനു നല്ല ഓജസ്സും, തേജസ്സുമുണ്ടാക്കുന്നു. ധാതുക്ഷയത്താലോ മററേതെങ്കിലും സുഖക്കേടുകളാലോ ശരീരം മെലിഞ്ഞു് കണ്ണുകുഴിഞ്ഞു് നടക്കാൻപോലും ശക്തിയില്ലാതെ അസ്ഥിയും തോലിയും മാത്രം ശേഷിച്ചു് മനസ്സിടിഞ്ഞു് കഷ്ടപ്പെടുന്നവർക്കു് ഇതൊരു ആപൽബന്ധുവാണു്. സ്വപ്നസ്ഖലനം, ശീഘ്രസ്ഖലനം, ധാതുക്ഷയം മുതലായ സുഖക്കേടുകളാൽ നിരാശപ്പെട്ടു് മനസ്സിടിഞ്ഞു ലജ്ജകൊണ്ടു വെളിയിൽ പറയാൻ മനസ്സില്ലാതെ വലയുന്നവർക്കു് ഇതൊരു ദിവ്യാമൃതമാണു്. പരീക്ഷിച്ചുനോക്കുവിൻ!! റാത്തൽ ഒന്നിനു് വില 4—8—0 കാററ്ലാഗു് ഇനാം

മദ്രാസ് മെഡിക്കൽഹാൾ പുത്തൻചന്ത
തിരുവനന്തപുരം

ദ്ധ ഭാഷണവും രാഷ്ട്രീയമാകാതിരിക്കാൻ വയ്യ എന്ന വസ്തുത അവരിനിയും മനസ്സിലാക്കിയിട്ടില്ല. പിന്നീടു വന്നതു 'ചാത്തം ഹൌസി'ന്റെ ഇവിടത്തെ ശാഖയായ സർവലൌകിക കാര്യങ്ങളുടെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാരവാഹികളാണ്. അവരും എന്നെ ഒരു പ്രസംഗത്തിനു ക്ഷണിച്ചു. അവരുടെ മടമ്പു തൊട്ടു കൊണ്ടു തന്നെ വന്നു "ലോകകാര്യങ്ങളുടെ ഇന്ത്യൻ കൗൺസിലിന്റെ ഭാരവാഹികൾ. ഇതു മുൻപറഞ്ഞ ഇൻസ്റ്റിറ്റ്യൂട്ടിനെതിരായി ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ രൂപവൽക്കരിക്കപ്പെട്ട ഒരു സംഘടനയാണ്. ഇതിന്റെ ഉപാദ്ധ്യക്ഷന്മാരിൽ ഒരാൾ നെഹ്റുവാണ്. ഇവിടെ ഞാനനുസരിക്കുന്ന കണിശമായ നിഷ്പക്ഷനിലക്കനുസരിച്ച് ഈ മൂന്നു ക്ഷണങ്ങളും ഞാൻ സ്വീകരിച്ചു.

ഏപ്രിൽ 3

ഡൽഹിയിൽ വൈസ്രോയി മന്ദിരത്തിന്റെ പൂന്തോട്ടത്തിൽ ഒരു ഗ്രാമോദ്ധാരണപ്രദർശനമുണ്ട്. ഇതിന്റെ സംഘാടകന്മാർ വളരെ ഉത്സാഹമായി പണിയെടുത്തിട്ടുണ്ട്, ഇന്ത്യയിലെ കൃഷി അഭിവൃദ്ധിപ്പെടുത്താനായി പ്രായോഗികമാക്കേണ്ടുന്ന സാങ്കേതിക പരിവർത്തനങ്ങൾ, പുതുതായി ഉപയോഗിക്കാവുന്ന യന്ത്രങ്ങൾ, നല്ല വിത്തുകൾ ഉപയോഗിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ട രീതി, വയലിൽ വീണ്ടും വീണ്ടും കൃഷിചെയ്തു "പു" വർദ്ധിക്കാനുള്ള വഴി; തൊഴുത്തുകൾ കൃഷിക്കാർക്കു പററിയ താമസസ്ഥലങ്ങൾ, ശുചീകരണസമ്പ്രദായം, ജലവിതരണപദ്ധതികൾ തുടങ്ങി കൃഷിയെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളെപ്പററിയും പഠിപ്പിക്കുന്ന ഗംഭീരമായ ഒരു പ്രദർശനം തന്നെയായിട്ടുണ്ടു്.

ഇതെല്ലാം നാട്ടിൻപുറങ്ങളിൽ പ്രായോഗികമായി നടപ്പിൽ വരുത്താൻ എന്തു ചെയ്യുന്നുണ്ടെന്നു ഞാൻ ചോദിച്ചു: ഡയറക്ടർ പറഞ്ഞു കഷ്ടം, യാതൊന്നുമില്ല! പണമില്ല. ഇതൊരു മാതൃകാപ്രദർശനം മാത്രമാണ്. ഞങ്ങൾക്കു ഈ പ്രദർശനം പോലും ഒരു നാട്ടിൻപുറത്തു വെച്ചു നടത്താൻ സാധിച്ചില്ല.

ഒരു ഭാഗത്തു മാതൃകാപരമായി ഏററവും ചുരുങ്ങിയ മട്ടിൽ ഒരുന്നു കൃത്യമായി ഒരാൾക്കു വേണ്ട ഭക്ഷണം അത്യാവശ്യമുള്ള വസ്തുക്കൾ ഇന്നത്തെ വിലവിവരക്കുറിപ്പടക്കം പ്രദർശിപ്പിച്ചിട്ടുണ്ട്. ഒരു വ്യവസായത്തൊഴിലാളിക്കു ആവശ്യമായ മാതൃകാഭക്ഷണം കണ്ടു, ഒരു ഭാര്യയും മൂന്നു കുട്ടികളുമുള്ള ഒരു വ്യവസായത്തൊഴിലാളിക്കു ഇതു കഴിക്കാൻ ഇന്നത്തെ ഡൽഹി വിലത്തോതിൽ എന്തു ചിലവു വരുമെന്നു ഞാൻ ഡയറക്ടറോടു ചോദിച്ചു. അയാൾ കണക്കുകൂട്ടി മാസത്തിൽ 130 ക വരുമെന്നു പറഞ്ഞു.

ഡൽഹിയിൽ വിദഗ്ദ്ധനായ ഒരു നെയ്ത്തുതൊഴിലാളിക്കു കിട്ടുന്ന ഏററവും കൂടിയ ശമ്പളം യുദ്ധബത്തയടക്കം മാസത്തിൽ 60 കയാണ്. വൈദഗ്ദ്ധ്യം നേടിയിട്ടില്ലാത്ത സാധാരണ തൊഴിലാളിക്കാകട്ടെ മാസത്തിൽ 30 ക. യാവും മാസത്തിൽ 20 ക. എന്ന താഴ്ന്ന തോതിൽ ശമ്പളം കിട്ടുന്നവരുമുണ്ട്. ഒരു പ്രാഥമികാദ്ധ്യാപകനു മാസത്തിൽ കിട്ടുന്നതു 15 ക ആഴ്ചയിൽ 5 ഷില്ലിങ്ങിൽ കുറവും ആണ്.

വരുമാനസംഖ്യകൾ ഇത്രയും ചുരുങ്ങിയിരിക്കുന്ന സ്ഥിതിക്ക് സാധനവിലയും ഇതോടൊപ്പം ചുരുങ്ങിയതാവുമെന്നു കരുതിപ്പോരേണ്ട. ഡൽഹിയിൽ പാലിനു ഒരു പൈൻറിനു 4 പെൻസാണ് ഇന്നത്തെ വിലയെന്നതു പ്രത്യേകം ഗൌനിക്കേണ്ടതാണ്.

ഞാൻ മടങ്ങിവന്നു എന്റെ വർത്തമാനക്കടലാസ്സുകൾ നിവർത്തിയപ്പോൾ താഴെ കൊടുക്കുന്ന ഒരു പരസ്യം കാണുകയുണ്ടായി.

## വില്പനയ്ക്കു്

ഇന്ത്യാഹൌസ്

രാജാക്കന്മാർക്കും മഹാരാജാക്കന്മാർക്കും യൂറോപ്യന്മാർക്കും ജമിന്ദാർമാർക്കും സിനിമാ സ്റ്റുഡിയോകൾക്കും ബാങ്കുകൾക്കും പററിയ മാതൃകാപരമായ കെട്ടിടം.

ഒരു രാജകൊട്ടാരത്തിനു തുല്യമായ ആധുനികരീതിയിലുള്ള ബംഗ്ലാവും 30 വിഭാഗങ്ങളുള്ള ഒരു ഒന്നാന്തരം പറമ്പും.

പ്രത്യേകതകൾ

മാർബിൾകൊണ്ടും മിനുസക്കല്ലുകൾകൊണ്ടും പടുത്ത നിലം, മാർബിൾകൊണ്ടും തേക്കമരംകൊണ്ടും നിർമ്മിച്ചു കലാവൈഭവം തികഞ്ഞ കോണിപ്പടി, അതിനു 'രോസ്' മരംകൊണ്ടു നിർമ്മിച്ചു റെയിലിങ്ങ്, വസ്ത്രധാരണമുറി, നൃത്തമുറി, കിടപ്പുമുറികൾ, ഭക്ഷണമുറി, ഇവയിൽ എല്ലാററിലും നവീനരീതിയിലുള്ള ഫർണിച്ചർ സജ്ജീകരിച്ചിരിക്കുന്നു. കലർപ്പില്ലാത്ത പേഴ്സ്യൻ-ബൊഖാറ പരവതാനികൾ, മാർബിൾ പ്രതിമകൾ, മാർബിൾ പീഠങ്ങൾ, മേൽത്തട്ടിനോടു ചേർന്നുള്ള പങ്കകൾ; പരോക്ഷമായി വെളിച്ചം നൽകുന്ന വിളക്കുകൾ, തണുപ്പുളവാക്കുന്ന യന്ത്രസാമഗ്രികൾ, ആറു കുളിമുറികളിലേക്കു തണുത്തതും ചൂടുള്ളതുമായ വെള്ളം എത്തിക്കുന്നതിനുള്ള സൌകര്യങ്ങൾ, പമ്പുകൾ; അ[illegible]ന്നു ഇലക്ട്രിക്ക് മോട്ടോറുകൾ, പരിഷ്കൃതരീതിയിൽ നിർമ്മിച്ചതും വൈദ്യുതദീപങ്ങളാലലംകരിച്ചതുമായ പൂന്തോട്ടം, ടെന്നീസ് കോർട്ട്, വെള്ളം തെറിക്കുന്ന ധാരായന്ത്രങ്ങൾ, അവയിൽ ഇടക്കിടെ തന്നെത്താൻ നിറംമാറുന്ന വിളക്കുകൾ ഘടിപ്പിച്ചിരിക്കുന്നു.

നാലു ലക്ഷം ക. (ഇരുപത്താറായിരം പവൻ)യ്ക്കു മീതെ വില നൽകാൻ തെയ്യാറുള്ള അപേക്ഷകരെപ്പററി മാത്രമേ ആലോചിക്കുകയുള്ളു.

ഇതിനിടെ ഡൽഹിയിൽ ഏപ്രിൽ 8-ാംതീയതി മുതൽ ഗോതമ്പുറേഷൻ നേർ പകുതിയാക്കിച്ചുരുക്കാൻ പോകുന്നു. ഇതിന്റെ അർത്ഥം ഒരു ദിവസത്തെ റേഷൻ 12 ഔൺസിൽ നിന്നു 6 ഔൺസായി കുറയുമെന്നാണ്.

കൽക്കത്തായിൽ പട്ടിണിമരണങ്ങൾമൂലം പൊതുജനങ്ങളിൽ ഭീതിവളരുന്നതിനെ തടയാൻവേണ്ടി ഒരു ഔദ്യോഗികപ്രസ്താവന പുറത്തിറക്കിയിട്ടുണ്ട്. മാർച്ച് 30-നു അവസാനിച്ച ആ ആഴ്ചയിൽ കൽക്കത്തായിലെ തെരുവീഥികളിൽനിന്നു പെറുക്കിയെടുത്തതും ആരുടെയെന്നു തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ലാത്തതുമായ ഇരുപത്തിമൂന്നു ശവശരീരങ്ങളിൽ അഞ്ചെണ്ണം പട്ടിണികൊണ്ടു മരിച്ചതാണെന്നു റിപ്പോർട്ടിനെ ഈ ഔദ്യോഗിക പ്രസ്താവന നിഷേധിക്കുന്നു. ഇതിൽ രണ്ടുമാത്രമേ പട്ടിണികൊണ്ടു മരിച്ചിട്ടുള്ളു എന്നാണ് ഔദ്യോഗികാഭിപ്രായം.


# കാൽസാഫെറോ

(രജിസ്റ്റേർഡ്)

കൈകാലുകൾ മെലിഞ്ഞും, നെഞ്ചുന്തിയും, വയർ ചാടിയും, കവിൾ വീർത്തും, വിളറിയും തീരെ ആരോഗ്യം നശിച്ച കുട്ടികൾക്കു ഏററവും ഉത്തമമായ ടോണിക്ക്. കുഞ്ഞുങ്ങൾക്കു ദഹനസംബന്ധമായുണ്ടാകുന്ന സകല തകരാറുകളും നിശ്ശേഷം മാററുന്നു

അസ്ഥിവളർച്ചയ്ക്കും ശരീരപുഷ്ടിക്കും ഉത്തമം

ഫലസിദ്ധിയുള്ള പല അപൂർവ ഔഷധങ്ങളുടെ രസവും, കാൽസിയം, ഇരുമ്പ്, മഗ്നേഷ്യം മുതലായ ധാതുദ്രവ്യങ്ങളും തമ്മൊരുമിച്ചു ചേർത്തു ശാസ്ത്രീയമായി തയാർ ചെയ്തിട്ടുള്ളതു്

എല്ലാ മരുന്നുഷാപ്പുകളിലും കിട്ടും

# താരുണ്യത്തിന്റെ ചുടുകാട്

(4-ാം പേജിൽനിന്നു തുടർച്ച)

ബുദ്ധിമതിയായ മകൾക്കു കാര്യം മനസ്സിലായി അവൾ നിശബ്ദയായി അങ്ങനെ നോക്കിക്കൊണ്ടു അശ്രു വാർത്തു:

അത്യപകടമായി അധിക്ഷേപിച്ചുന്നായ ആ പെൻഷൻ പ്രമാണി അരിശം തീർക്കുവാനായി ആ വീടിനെപ്പററി അസംഖ്യം അപവാദങ്ങൾ പറഞ്ഞു പരത്തി അവിവാഹിത യുവതികളുള്ള വീടിന്റെ നേർക്കു സംശയദൃഷ്ടിയോടുകൂടി നോക്കുവാനേ നമ്മുടെ സമുദായം ശീലിച്ചിട്ടുള്ളു. ആ പെൻഷൻ പ്രമാണിയുടെ അപവാദപ്രചരണം ഫലിച്ചു. പല പല പുതിയ കഥകൾ ആ വീടിനെപ്പററി പെട്ടെന്നു പരന്നു:

അർദ്ധരാത്രിക്കു ശേഷം ആ വീടിനുള്ളിലേക്കു കയറിപ്പോകുന്നവരെ കണ്ടവരുണ്ട്. വെളുപ്പിനു അതിനുള്ളിൽ നിന്നും പുറത്തേക്കു പോകുന്ന പുരുഷന്മാരുടെ പൊക്കവും വണ്ണവും മാതിരിയുമൊക്കെ നിശ്ചയമുള്ളവരുണ്ടായി: ആ വീട്ടിനുള്ളിലെ വിശേഷങ്ങൾ വിടന്മാർ വർണ്ണിച്ചു തുടങ്ങി: മൂത്തവളാണു ഭേദമെന്നൊരുവൻ: ഇളയവൾക്കാണു രസികത്തം കൂടുതലെന്നു മറെറാരുവൻ. എന്തിന്? അൽപമാസങ്ങൾക്കുള്ളിൽ ഒരു വേശ്യാലയത്തിന്റെ കുപ്രസിദ്ധി ആ ഗൃഹത്തിനുണ്ടായി. ഷഷ്ടിപൂർത്തി കഴിഞ്ഞ പുരുഷന്മാർ പോലും ആ ഗൃഹത്തിനുള്ളിൽ കയറിപ്പോകരുതെന്നു അവരുടെ ഭാര്യമാർ കർശനമായി താക്കീതു ചെയ്തു: അഴിച്ചു വിട്ട കാളകളെപ്പോലെ തെരുവുനീളെ സായാഹ്നത്തിലും രാത്രി ഇരുട്ടുന്നതുവരെയും അലഞ്ഞുതിരിയുന്ന അവിവാഹിതരായ യുവാക്കളും മദ്ധ്യവയസ്കരും ആ വീടിന്റെ വാതുക്കലെത്തുമ്പോൾ ചൂളമടിക്കും. സാകൂതം അടച്ച ഗേററിലേക്കു നോക്കും. തിരശ്ശീലയിട്ട ജനാലയുടെ മുകളിലേക്കു നോക്കും.

ആ പട്ടണത്തിലേക്കു സ്ഥലംമാറി വന്ന ഒരു യുവാവായ ഉദ്യോഗസ്ഥൻ അമ്പലത്തിൽവച്ച് ആ സഹോദരികളിൽ മൂത്തവളിൽ ആകൃഷ്ടനായി അവളെപ്പററി സ്നേഹിതന്മാരോടു അന്വേഷിച്ചു.

എന്താ ചോദിക്കുന്നു? സ്നേഹിതൻ ചോദിച്ചു.

ഒന്നുമില്ല; കണ്ടിട്ടു നല്ല പെൺകുട്ടിയാണെന്നു തോന്നി.

എന്താ സ്വന്തമാക്കിക്കളയാമെന്നുണ്ടോ?

ഞാൻ അവിവാഹിതനാണെന്നറിയാമല്ലോ. ആ ആലോചനയും വേണമെങ്കിൽ ആകാം.

തരക്കേടില്ല. യുവാവു മുറിമീശ തലോടിക്കൊണ്ടു പറഞ്ഞു. പക്ഷേ കാര്യം സാധിച്ചാൽ മതിയെങ്കിൽ ഇത്ര ക്രിയ ആലോചനയൊന്നും വേണ്ട. കൂടെക്കൂടെ കുശലമന്വേഷിച്ചു, പോകണം. മണിപേഴ്സ് മറന്നിട്ടേച്ചു പോരണം. അത്രം മതി.

എന്ത്, അങ്ങനാണോ കാര്യം

ഹേ! ഞാനൊന്നും പറഞ്ഞില്ലപ്പാ വെറുതേ വല്ലോർക്കും വരുന്ന ഭാഗ്യത്തിനു വിലങ്ങടിച്ചു, നിൽക്കുന്നതെന്തിനു? എങ്കിലും നിങ്ങളീ നാട്ടുകാരനല്ലാത്തതുകൊണ്ടു പറഞ്ഞതാ. കല്യാണം കഴിച്ചാൽ കിടപ്പുവിടാക്കത്തു്. ഭാര്യേക്കൊണ്ടു പൊറുക്കണം. അവിടായാൽ പലരുമായി കൂട്ടിമുട്ടേണ്ടിവരും.

താങ്ക്സ്, ചങ്ങാതീ. ഞാൻ അബദ്ധത്തിൽ ചാടിപ്പോയേനെ. കഷ്ടം നല്ല പെൺകുട്ടികളു വെറുതെ ചീത്തയായിപ്പോകുന്നല്ലോ!

സ്വന്തം സ്നേഹിതനെ ഒരപകടത്തിൽനിന്നും രക്ഷിച്ച ചാരിതാർത്ഥ്യത്തോടെ ആ പരദൂഷണവിദഗ്ദ്ധൻ തെളിഞ്ഞുനിന്നു.

* * *

അങ്ങനെ വർഷങ്ങൾ രണ്ടുമൂന്നു കഴിഞ്ഞുപോയി.

ഒരുദിവസം രാവിലെ ഇളയമകൾ സുമതി അച്ഛനോടു പറഞ്ഞു:-

അച്ഛാ, ഇന്നു മൂത്തചേച്ചിയുടെ പിറന്നാളാ. അമ്പലത്തിലൊരു വഴിപാടു കഴിക്കണ്ടേ? ഞങ്ങൾ കാലത്തെ അമ്പലത്തിലേക്കു പോകുവാ

അദ്ദേഹം ഒന്നു ഞെട്ടിപ്പോയി. നിമിഷനേരം എന്തോ ഒന്നു കണക്കുകൂട്ടിയിരുന്ന അദ്ദേഹത്തിന്റെ സംശയം സ്ഥിരപ്പെട്ടു. അദ്ദേഹത്തിന്റെ മകൾ മൂത്തമകൾ ശകുന്തളയ്ക്കു 30 വയസ്സു തികയുന്ന ദിവസമാണിന്ന്.

അദ്ദേഹം മുമ്പിൽനിന്ന പുത്രിയെ സൂക്ഷിച്ചുനോക്കിക്കൊണ്ടു ചോദിച്ചു.

നിന്റെ ചേച്ചി പറഞ്ഞയച്ചതാണോ

അതെ.

അദ്ദേഹം വീണ്ടുമൊന്നു ഞെട്ടിപ്പോയി. ആ അപേക്ഷ ഒരപേക്ഷയല്ലായിരുന്നു. അതൊരു ഓർമ്മിപ്പിക്കലാണ്, ഒളിച്ചുവച്ച കുററപ്പെടുത്തലാണ്. അതിനു മുമ്പിൽ തലകുനിക്കാതിരിക്കുവാൻ ആ പിതാവിനു കഴിവില്ല

അലമാരി തുറന്നു ഒരു രൂപയെടുത്തു കൊണ്ടുപോ. അദ്ദേഹം സഗൗരവം ആജ്ഞാപിച്ചു.

അവർ അമ്പലത്തിലേക്കു പോകുന്നതു നോക്കിക്കൊണ്ടു അദ്ദേഹം മുൻവശത്തെ വരാന്തയിലിരുന്നു: ആ പുറന്നാളുകാരിയുടെ മുഖം ഗ്രഹമായി അദ്ദേഹം പരിശോധിച്ചു. അവിടെ ആനന്ദത്തിന്റെയോ ഉൽസാഹത്തിന്റെയോ കണികപോലുമില്ലെന്നദ്ദേഹത്തിനു തോന്നി. മുഖവും കുനിച്ച് അവർ ദുസ്സഹദുഃഖഭാരത്തോടെയെന്നവണ്ണം മെല്ലെ നടന്നുപോകുന്നതും അമ്പലത്തിലേക്കല്ല വാർദ്ധക്യത്തിലേക്കാണെന്നു ആ അച്ഛനു തോന്നി. അദ്ദേഹവും അവരെപ്പോലെ തലയും കുനിച്ചിരുന്നു.

അവൾക്കു മുപ്പതു വയസ്സായി. ആ താരുണ്യം വാർദ്ധക്യത്തിലേക്ക് എത്തിനോക്കിക്കഴിഞ്ഞു. ഇനി അവളുടെ തല നരക്കും. കണ്ണുകളുടെ കാന്തി നശിക്കും. മുഖത്തു കാലത്തിന്റെ കൈപ്പാടുകൾ പതിഞ്ഞുതുടങ്ങും.

അവളുടെ നേരെ ഇളയവൾ—സുമതി. അവൾക്കും ഇനി മൂന്നു വർഷമേ വേണ്ടു മുപ്പതാം പിറന്നാളാഘോഷിക്കുവാൻ. എല്ലാററിനും ഇളയവൾക്ക് ഇനി പത്തുവർഷം മതി.

അങ്ങനെ ആ താരുണ്യം വാടിത്തുടങ്ങുകയാണ്. പൂർണ്ണമായി വികസിക്കാതെ വാടിപ്പോവുകയാണ്. ആ ഹൃദയത്തുടിപ്പുകൾ ക്രമേണ ശാന്തമാവുകയാണ്. ആ ശരീരം കരിഞ്ഞു മുരടിക്കുകയാണ്.

അമ്പലത്തിൽ നിന്നും പ്രസാദവുമായി മുമ്പിൽ നിൽക്കുന്ന ആ മകളെ കണ്ടപ്പോൾ ആ അച്ഛൻ പൊട്ടിക്കരഞ്ഞുപോയി.

"ക്ഷമിക്ക മോളെ. നിന്റച്ഛൻ ഈ ലോകത്തിൽ ജീവിക്കാൻ കൊള്ളരുതാത്തവനായിപ്പോയി."

ആ ആത്മാർത്ഥമായ കുററസമ്മതം കേട്ട് ആ മകൾ പൊട്ടിക്കരഞ്ഞുപോയി. അവൾ അച്ഛനെ മുറുകെപ്പുണർന്നുകൊണ്ട് ഏങ്ങലുകൾക്കിടയിലൂടെ പറഞ്ഞു:-

"അച്ഛാ! പൊന്നച്ഛാ! എനിക്കെന്നും എന്റച്ഛൻ മതി. എന്റച്ഛന്റെ കൂടെക്കഴിഞ്ഞാൽ മതി."

നിഷേധാർത്ഥത്തിൽ തലയാട്ടിക്കൊണ്ട് ആ അച്ഛൻ ഇടറിയ സ്വരത്തിൽ പറഞ്ഞു.-

"ഇല്ല മോളെ. അതല്ല ശരി. ന്യായം. നീതി. പക്ഷേ എന്തുചെയ്യാം. നിന്റച്ഛൻ കൊള്ളരുതാത്തവനായിപ്പോയി."

ആ അച്ഛനും മകളും ഒരുമിച്ചു വളരെനേരം കരഞ്ഞു.

* * *

ദിവസങ്ങളും ആഴ്ചകളും മാസങ്ങളും ഒന്നൊന്നായി കടന്നുപോയി. ആ പട്ടണത്തിൽ പല കല്യാണങ്ങളും നടന്നു. അവയുടെ ഘോഷയാത്രകൾ ആ പടിക്കൽ കൂടി കടന്നുപോയി. ആ അച്ഛനും മക്കളും ഒരുമിച്ചുനിന്ന് അടക്കാൻ വയ്യാത്ത ദുഃഖത്തോടെ അതെല്ലാം നോക്കിക്കണ്ടു.

ആ നാട്ടിലെ മിക്ക കല്യാണങ്ങൾക്കും ആദ്യവസാനക്കാരനായി ഗോവിന്ദപ്പിള്ളയെ കാണുക പതിവായിരുന്നു. പക്ഷേ ആ പതിവ് അദ്ദേഹം ഉപേക്ഷിച്ചു. തീരെ ഉപേക്ഷിക്കുവാൻ നിവൃത്തിയില്ലാത്ത സ്നേഹിതന്മാരുടെ വീടുകളിലെ വിവാഹങ്ങൾക്കു മാത്രം അദ്ദേഹം പോയി. അതും മുഹൂർത്തസമയത്തിനു അൽപ്പം മുമ്പായി അവിടെ എത്തും. വിവാഹം കഴിഞ്ഞാലുടൻ വീട്ടിലേക്കു മടങ്ങും.

അദ്ദേഹം വീട്ടിനു വെളിയിലേക്കു

വൈകുന്നേരം നടക്കാൻ പോലും പോകാതായി. ആരോടും അധികം സംസാരിക്കാറില്ല. ആ വരാന്തയിൽ പകൽ മുഴുവനും കഴിച്ചുകൂട്ടും. സായാഹ്നത്തിൽ ആ മുററത്തു ചിന്താക്രാന്തനായി അങ്ങോട്ടുമിങ്ങോട്ടും നടക്കും.

ആരെയും അദ്ദേഹം വീട്ടിലേക്ക് ക്ഷണിച്ചില്ല. വല്ലവരും വല്ല ആവശ്യത്തിനായി അവിടെ ചെന്നാൽ അത്യന്താപേക്ഷിതങ്ങളിൽ പറഞ്ഞയക്കും. അങ്ങനെ സാമുദായികജീവിതത്തിൽ നിന്നും ആ മനുഷ്യൻ അകന്നു.

ആളുകൾ അദ്ദേഹത്തിന് മുരടനെന്ന ബിരുദം നൽകി. ചിലർ പറഞ്ഞു, അദ്ദേഹത്തിന് അരക്കിറുക്കുണ്ടെന്ന്.

ഒരു ദിവസം വൈകുന്നേരം പതിവുപോലെ അമ്പലത്തിലേക്ക് പോകുവാൻ തയ്യാറായി ആ പെൺമക്കൾ പുറപ്പെട്ടപ്പോൾ, മൂത്തമകളുടെ തലയിൽ എന്തോ മിന്നുന്നതു അദ്ദേഹം കണ്ടു. നിമിഷനേരം അതിനെ തുറിച്ചു നോക്കിനിന്നിട്ട് അദ്ദേഹം അവളോടു പറഞ്ഞു.

“നീ ഇന്നുമുതൽ വല്ലപ്പോഴും അമ്പലത്തിൽപോയാൽ മതി മോളെ എന്നും പോകണ്ട”

ആ മകൾക്കു കാര്യം മനസ്സിലായി. അവൾ മുഖം മറച്ചുകൊണ്ട് അകത്തേക്കു പോയി. അന്നാരും അമ്പലത്തിൽ പോയില്ല.

അങ്ങനെ ഒന്നു രണ്ടു വർഷങ്ങൾ കൂടി ഇഴഞ്ഞിഴഞ്ഞു പോയി.

ഗോവിന്ദപിള്ളയുടെ ശരീരം തന്നെ ശോഷിച്ചു. ദുസ്സഹമായ മനോദുഃഖം ആ ശരീരത്തെ കാർന്നു നശിപ്പിച്ചതുപോലെ തോന്നി. ആ കുഴിഞ്ഞ കണ്ണുകൾക്ക് സദാ നനവുണ്ടായിരുന്നു. അവ ഏതോ സ്വപ്നലോകത്തിൽ വിഹരിക്കുന്നതുപോലെ തോന്നി. മൂത്ത മകളാണ് അദ്ദേഹത്തിന്റെ ശുശ്രൂഷ ചെയ്തുപോന്നതു്. അവളുടെ തലമുടിയുടെ മുൻഭാഗത്തു നര സ്പഷ്ടമായി കണ്ടുതുടങ്ങി. ആ തലമുടിയും മാർദ്ദവവും മിനുസവും പൊയ്പ്പോയി. ആ കണ്ണുകളുടെ ചുററിനും കറുത്ത രേഖ പ്രത്യക്ഷപ്പെട്ടു.

അവർ കാലത്തെ കുളിക്കുന്ന പതിവു നിറുത്തി. വൈകുന്നേരം തലമുടി കോതിക്കെട്ടുക അപൂർവമായി. മുററത്തെ മുല്ല നിറയെ പൂവിട്ടുനില്ക്കുമ്പോഴും അവർ ഒരെണ്ണം പോലും ചൂടാറില്ല. വസ്ത്രധാരണത്തിൽ പ്രദർശിപ്പിച്ചിരുന്ന കലാപാടവവും ശ്രദ്ധയും പൊയ്പ്പോയി. വല്ലതുമൊന്നു ചുററിയുടുത്തു അവർ നിത്യരോഗിയായിത്തീർന്ന അച്ഛന്റെ ശുശ്രൂഷയിലേർപ്പെട്ടു. പക്ഷെ ആ ശുശ്രൂഷയ്ക്കു പോലും ഒരു മാർദ്ദവമില്ലെന്ന് ആ അച്ഛനു തോന്നി. അതിൽ പരിഭവിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അവളുടെ ജീവിതം യാന്ത്രികമായിപ്പോയി. ശരീരവും മനസ്സും ഒന്നുപോലെ മുരടിച്ചുപോയി.

ഒരു ദിവസം രാവിലെ പതിവുപോലെ കാപ്പിയും കൊണ്ടുവന്ന മകളിൽ ഏതോ ഒരു മാററം ആ അച്ഛൻ കണ്ടു. അല്പനേരം സൂക്ഷിച്ചു നോക്കിയിട്ട് അദ്ദേഹം ചോദിച്ചു:—

നിന്റെ മാലയും വളയുമൊക്കെയെവിടെ മോളെ?

ഞാൻ സുമതിക്കു കൊടുത്തച്ഛാ. മുഖം തിരിച്ചുകൊണ്ട് അവൾ പറഞ്ഞു.

അതി കഠിനമായ ഒരടിയേററതുപോലെ ഗോവിന്ദപ്പിള്ള സ്തംഭിച്ച് മുഖംകുനിച്ചിരുന്നു. അങ്ങനെ അവൾ ജീവിതം വെറുത്തു കഴിഞ്ഞു. കാത്തിരുന്നു കാത്തിരുന്നവൾക്കു മതിയായി. ഏററവും ഇളയവൾക്ക് അവൾ ആഭരണങ്ങളെല്ലാം കൊടുത്തു. പക്ഷെ അവളും ഒരിക്കൽ അതഴിച്ചു മാററുകില്ലേ? മാററേണ്ടിവരികയില്ലേ?

പിറേറ ദിവസം രാവിലെ അവൾ അനുജത്തിയോടു പറയുന്നതദ്ദേഹം കേട്ടു:

“നീ പോയി വഴിപാടിനു കൊടുത്തേച്ചു വാ. സരളേ! സുമതിയേയുംകൂടി വിളിച്ചേച്ചുകൊണ്ടു പോ.”

“ചേച്ചികൂടി വന്നേ.” ശാന്ത പറഞ്ഞു.

“ഇല്ലനിയത്തീ. ഞാൻ വരുന്നില്ല. നിങ്ങളു പോയാൽ മതി.”

“എന്നാൽ ഞാനും പോകുന്നില്ല.” ശാന്ത പറഞ്ഞു

“അങ്ങനെ പറയാതെ ശാന്തേ. പുറന്നാളായിട്ട് അമ്പലത്തിൽ പോകാതിരിക്കാമോ?”

ഗോവിന്ദപ്പിള്ള മൂന്നു വർഷങ്ങൾക്കു മുമ്പു ഞെട്ടിയതുപോലെ ഞെട്ടി. ഇളയവൾക്കും മുപ്പതായി. അവളുടെ താരുണ്യവും നിലച്ചു. ഇനി അവളും-!

അന്നു രാത്രി ഗോവിന്ദപ്പിള്ളയ്ക്കു കലശലായ പനിയും വലിവും തുടങ്ങി. അദ്ദേഹം മരുന്നു കുടിക്കുവാൻ ശഠിച്ചു. മക്കളെല്ലാം കരഞ്ഞുകൊണ്ടപേക്ഷിച്ചു, മരുന്നു കുടിക്കാൻ.

“അച്ഛാ! അച്ഛൻ പോയാൽ ഞങ്ങൾക്കാരുണ്ട്?” ഇളയ മകൾ കരഞ്ഞുകൊണ്ടു ചോദിച്ചു.

“ഞാനിരുന്നിട്ടു നിങ്ങൾക്കെന്തു ഗുണമുണ്ടായെടീ? ഒന്നേ നന്നായിരുന്നുള്ളു. പോയെടീ. എനിക്കു മരുന്നും വേണ്ട ഒരു കുന്തോം വേണ്ട. ഞാൻ പോയാൽ നിങ്ങളിഷ്ടംപോലെ ജീവിച്ചോണം. കഴിക്കാനുള്ള വക ഞാൻ കരുതീട്ടുണ്ട്. അതും കഴിച്ചോണ്ടു കഴിഞ്ഞു് ഒടുക്കം ചത്തോണം!”

ആ മക്കൾ ഒരുമിച്ച് നിലവിളിച്ചുകൊണ്ട് അച്ഛനെ കെട്ടിപ്പിടിച്ചു.

അവർ ഒരകന്ന വൃദ്ധമാതുലന് എഴുതി അയച്ചു. അയാൾ വന്നു; പക്ഷെ അയാൾക്കും സാധിച്ചില്ല ഗോവിന്ദപ്പിള്ളയെക്കൊണ്ടു മരുന്നു കുടിപ്പിക്കാൻ.

“താൻ പോടോ. എനിക്കൊന്നു ചത്താൽ മതിയെടോ. എടോ. ഇത്രനാളും ഞാൻ അഭിമാനത്തോടെ ജീവിച്ചു. ഈ പെങ്കൊച്ചുങ്ങടെ കണ്ണീരും നെടുവീർപ്പും കണ്ടും കേട്ടും എനിക്കു മതിയായി-”

രോഗം അനുദിനം വർദ്ധിച്ചുവന്നു. ഒരു ദിവസം രാത്രിയിൽ അദ്ദേഹം മക്കളെയെല്ലാം വിളിച്ചരികിൽ നിർത്തിക്കൊണ്ടു പറഞ്ഞു:—

“ക്ഷമിക്ക മക്കളെ, നിങ്ങൾക്കു ജന്മം തന്നതിനു ക്ഷമിക്ക്, പണമില്ലാത്തവനു പെൺമക്കളെ ജനിപ്പിക്കുവാനവകാശമില്ല. അതു മനസ്സിലാക്കാത്തതെന്റെ തെററ്; തെററ്; തെററ്.”

അദ്ദേഹം ക്ഷീണിച്ചു കണ്ണുകളുയർത്തി [illegible]. പെൺമക്കൾ പൊട്ടിക്കരഞ്ഞുകൊണ്ട് അദ്ദേഹത്തെ കെട്ടിപ്പിടിച്ചു.

“പോ പോ, മറയത്തു്!” അദ്ദേഹം ഭ്രാന്തനെപ്പോലെ അലറി. “പോ എന്റെ മുമ്പീന്ന്. നിങ്ങളെക്കാണുമ്പം എന്റെ കരളെരിയുന്നു. ഞാൻ ചത്തു കഴിഞ്ഞാലും നിങ്ങളുടെ ശാപം എന്നെ പിന്തുടരും. പോ.”


# ധാതുകല്പം

നിങ്ങളുടെ ശരീരം ഏവക്കും സങ്കടകരമാം വിധം മെലിഞ്ഞും ധാതുശക്തി നിങ്ങളുടെ അഭിമാനത്തേയും ആനന്ദത്തേയും നശിപ്പിക്കത്തക്ക രീതിയിൽ ക്ഷയിച്ചുംഇരുന്നുകൊള്ളട്ടെ! നിങ്ങൾ വൃദ്ധനായാലും യുവാവായാലും ശരി; ധാതുകല്പം നിങ്ങളുടെ ശരീരത്തിൽ എല്ലാ അവയവങ്ങൾക്കും മാംസപേശികൾക്കും ശരിയായ പുഷ്ടിയും ബലവും ഓജസ്സും ഉളവാക്കി ശരീരം പുഷ്ടിപ്പെടുത്തുകയും, ധാതുശക്തിയെ പതിന്മടങ്ങു വർദ്ധിപ്പിച്ച് നിത്യയൌവ്വനം പുനഃസ്ഥാപിക്കുകയും ചെയ്യുന്നു. ലിംഗശൈഥില്യത്തെ അകററുന്നു. ദാമ്പത്യജീവിതം വിജയകരമാക്കുന്നു. ആരോഗ്യപരമായ ദീർഘായുസ്സ് പ്രദാനം ചെയ്യുന്നു. പ്രകൃത്യാ മെലിഞ്ഞവരേയും പുഷ്ടിപ്പെടുത്തും.

റാത്തൽ ഒന്നിന് ആറുരൂപാ മാത്രം. പാക്കിങ്ങുപോസ്റ്റേജ് പ്രത്യേകം.

മാനേജർ,
വിജയാ ഫാർമസി. H. O. തട്ടാരമ്പലം,
P. O. മാവേലിക്കര
ബ്രാഞ്ച്—പുതിയവിള. തിരുവിതാംകൂർ.

അവർ ഓരോന്നു പിന്മാറി. മൂപ്പരു കഴിഞ്ഞ ആ രണ്ടുമൂന്നുമക്കൾ മാത്രം നിർവ്വാഹകരായി അവിടെനിന്നു.

പിറേറദിവസം രാവിലെ അദ്ദേഹം മരിച്ചു. മരിക്കുന്നതുവരെ ബോധമുണ്ടായിരുന്ന അദ്ദേഹം ചുററിനുംകൂടിനിന്നു മുറവിളികൂട്ടിക്കൊണ്ടിരുന്ന മക്കളുടെ മുഖത്തു ഭയത്തോടു് ഇടയ്ക്കിടെ നോക്കിക്കൊണ്ടും കണ്ണുരപാത്തിക്കൊണ്ടുമാണു് മരിച്ചതു

മൂത്ത മകൾ ബലിയിട്ടു. അതും അവൾ യാന്ത്രികമായിത്തന്നെ നിർവ്വഹിച്ചു. അവൾ കരയാത്തതിൽ അവിടെ കൂടിയവരിൽ പലരും അൽഭുതപ്പെട്ടു.

ആ വൃദ്ധമാതുലൻ അവരുടെ കൂടെ താമസമാക്കി.

ആ വീടിന്റെ ഗേററു് സദാ അടച്ചിട്ടിരിക്കും. പീടികയിലേക്കു സാമാനങ്ങൾ വാങ്ങുവാനായി പുറപ്പെടുന്ന ആ വൃദ്ധൻ മാത്രമേ അതു തുറക്കുകയും അടയ്ക്കുകയും ചെയ്യാറുള്ളു. അവിടെ അഞ്ചൽ ശിപായിക്കുപോലും കയറേണ്ട കാര്യമില്ല.

ആ വീട്ടിൽനിന്നും ഒരു പൊട്ടിച്ചിരിയോ ഉറക്കെയുള്ള സംസാരമോ മുഴങ്ങുന്നതു് ആരും കേട്ടിട്ടില്ല. അവിടെ മാസത്തിലൊരിക്കൽ പോകുന്ന വെളുത്തേടൻ പറയും, അതിനകത്തിൽനിന്നും ഇറങ്ങിക്കഴിയുമ്പോൾ മാത്രമേ അവൻ നേരെ ശ്വാസം വിടാറുള്ളു എന്നു്.

ഈ രണ്ടു വർഷങ്ങൾ കൂടുമ്പോൾ ആ സഹോദരികൾ ഒരുമിച്ചു് അതിരാവിലെ അമ്പലത്തിൽ ഒരുദിവസം പ്രത്യക്ഷപ്പെടാറുണ്ടു്. ഒരു ശ്രാദ്ധവഴിപാടു കഴിച്ചിട്ടു മടങ്ങിപ്പോകും. ആ അച്ഛൻ മരിച്ചതിൽ പിന്നീടു് നാലുതവണ അതുണ്ടായി. പിന്നീടതുമുണ്ടായില്ല. ഏതു വിവാഹഘോഷയാത്ര വഴിയിൽക്കൂടിപ്പോയാലും ആ ഗേററു തുറക്കാറില്ല. ഒരു വിവാഹത്തിനും അവർ പോകാറുമില്ല.

അങ്ങനെ ആ പടുവൃദ്ധനും ആറു് അകാലവൃദ്ധകളും താമസിക്കുന്ന ആ വീട്ടിൽ ഏതോ ആവശ്യം പ്രമാണിച്ചു് പോകേണ്ടിവന്ന സരസനായ ഒരു മുനിസിപ്പൽ ഉദ്യോഗസ്ഥൻ പിറേറദിവസം തന്റെ സ്നേഹിതനോടു പറഞ്ഞു.

"എന്റെ ചങ്ങാതീ! എന്തൊരു വീടാണതു്. ശ്വാസം മുട്ടിക്കുന്നൊരു നിശ്ശബ്ദതയാണതിനുള്ളിൽ. വെളിയിലത്തെ തിണ്ണയിൽ ആ മൂപ്പീന്നു ഒരു കട്ടിലിൽ കിടപ്പുണ്ടു്. എന്റെ കാലൊച്ച കേട്ടപ്പോൾ അകത്തുനിന്നും ആറെണ്ണം ഇറങ്ങിവന്നു. ഒന്നിന്റെം മുഖത്തു ഒരു തുള്ളിച്ചോരയില്ല. ചത്ത മത്സ്യത്തിന്റെ കണ്ണുകൾപോലുള്ള ആ കണ്ണുകൾകൊണ്ടു എന്നെ സൂക്ഷിച്ചുനോക്കിയപ്പോൾ ഞാനങ്ങു ഭയന്നുപോയി. മൂന്നെണ്ണത്തിന്റെ തല മുഴുവൻ നരച്ചുകഴിഞ്ഞു. ഒന്നിന്റെ ദേഹത്തും പൊന്നിന്റെ പൊടിപോലുമില്ല. വല്ല്യവിധം വന്ന കാര്യം പറഞ്ഞിട്ടു ഞാനെന്റെ ജീവനുംകൊണ്ടു പോരുന്നു എന്നു പറഞ്ഞാൽ മതിയല്ലോ. ഈശ്വരാ! അതൊരു ചുടുകാടാണു്. താരുണ്യത്തിന്റെ ചുടുകാടു്."

# കരിങ്കാലി

(2-ാംപേജിൽനിന്നു തുടർച്ച)

വലിയൊരു ഭൂരിപക്ഷത്തോടെ കോൺഗ്രസ് സ്ഥാനാർത്ഥി കമ്മ്യൂണിസ്റ്റ് എതിരാളിയെ തോല്പിച്ചു.

X X *

കോൺഗ്രസ്സ് മന്ത്രിസഭ ചാർജ്ജെടുത്തു. മാധവനിതറിഞ്ഞപ്പോൾ സന്തോഷംകൊണ്ടു തുള്ളിച്ചാടി. വൈകുന്നേരം വീട്ടിൽവന്ന ഉടനെ അയാൾ ജാനകിയോടു വിളിച്ചു പറഞ്ഞു.

"എടീ, ഇനി നമ്മുടെ കഷ്ടപ്പാടെല്ലാം നീങ്ങി."

"എന്താ, വല്ല നിധിയും കിട്ടിയോ?" ജാനകി പുച്ഛരസത്തിൽ അടുക്കളയിൽനിന്നു വിളിച്ചു ചോദിച്ചു.

"ഇന്നു മുതൽ നമ്മുടെ മന്ത്രിയാ രാജ്യം ഭരിക്കാൻ പോണെ. പിന്നെ നമുക്കു ബുദ്ധിമുട്ടു് ഉണ്ടോടീ?"

"ആവോ! കണ്ടറിയണം." ജാനകി സംശയം പ്രകടിപ്പിച്ചു.

"നിനക്കെന്തിലും സംശയമാ." ജാനകിയുടെ അഭിപ്രായം മാധവനൊട്ടും രസിച്ചില്ല.

* * *

ദിവസം കുറെ കഴിഞ്ഞു. അന്നു മാധവൻ വന്നപ്പോൾ ജാനകി ചോദിച്ചു:

"റേഷൻ കുറയ്ക്കാൻ പോണെന്നു കേട്ടല്ലോ അതു ശരിയാ!"

ഞാനും അങ്ങിനെ കേട്ടു. അയാൾ പറഞ്ഞു.

ഇപ്പൊ നിങ്ങളു പറഞ്ഞതെന്തായി ഞാനന്നേ പറഞ്ഞില്ലേ

എടീ കാററും കോളുംകാരണം കപ്പലുവരാഞ്ഞാൽ മന്ത്രി എന്തു ചെയ്യുമെടീ! അയാൾ വീണിടത്തുകിടന്നുരുളുവാൻ ശ്രമിച്ചു.

പക്ഷെ ആ ഉറച്ച കോട്ടയുടെ അടിയിൽ ഒരു ചെറിയ വിള്ളൽ ഉണ്ടായിക്കഴിഞ്ഞിരുന്നു.

* * *

പോസ്റ്റൽപണിമുടക്കം തുടങ്ങിയ കഥ മാധവനറിഞ്ഞതു ഒന്നു രണ്ടാഴ്ച കഴിഞ്ഞാണു്. സുഖമില്ലാതിരുന്നതിനാൽ അയാൾ പണിക്കു പോയിരുന്നില്ല. ജാനകിയുടെ ഉടപ്പിറന്നോൻ മിലിറററിയിലായിരുന്നു. അയാൾ മാസംതോറും 10 ക. അവൾക്കയച്ചുകൊടുത്തിരുന്നു. അയാൾ പോയിട്ടു കൊല്ലം മൂന്നായി. അതു ഇതുവരെയും തെററിയിട്ടില്ല. പക്ഷെ ആ മാസത്തിൽ പണം വന്നില്ല അയാൾ പത്താംതീയതിവരെ കാത്തു. ഒടുക്കം ഒന്നു പോസ്റ്റാഫീസിൽ പോയി അന്വേഷിക്കാം എന്നു തീർച്ചയാക്കി പുറപ്പെട്ടു. പക്ഷെ പോസ്റ്റാഫീസിന്റെ കുറേ ദൂരെ വച്ചുതന്നെ ശിപായി നാണുനായരെ കണ്ടു. അപ്പോഴാണു അയാൾ വിവരം അറിഞ്ഞതു്.

അപ്പോൾ, ഇപ്പോൾ നമ്മുടെ ഗവർമ്മെന്റല്ലേ ഭരിക്കുന്നേ! അവരോടു പറഞ്ഞാൽ ശമ്പളം കൂട്ടിക്കിട്ടുമായിരുന്നില്ലേ? സംഭാഷണത്തിനിടയിൽ മാധവൻ ചോദിച്ചു.

പക്ഷെ നാണുനായർ പറഞ്ഞ സംഗതികൾ അയാളെ അമ്പരപ്പിച്ചു. കോൺഗ്രസ്സുകാരിൽ പലരും അവരെ എതിർക്കുകയാണത്രെ ചെയ്യുന്നതു്.

ഒടുക്കം നാണുനായർ പറഞ്ഞു. "എന്തിനു പറയുന്നു മാധവാ! നമ്മളുതന്നെയല്ലെ അവരെ മന്ത്രിമാരാക്കിയതു്. അന്നു മാധവൻ പറഞ്ഞതു കേട്ടാ ഞാനയാൾക്കു വോട്ടുകൊടുത്തതു്. പക്ഷെ ഇന്നു ഞങ്ങളെ സഹായിക്കാൻ മുമ്പിട്ടു നിൽക്കുന്നതു കമ്മ്യൂണിസ്റ്റുകാരാണു്."

മാധവൻ ഒന്നും പറഞ്ഞില്ല. ആ കോട്ട തകരുകയാണു്.

* * *

ബോംബെയിൽ കോൺഗ്രസ് മന്ത്രിസഭയുടെ കീഴിൽ തൊഴിലാളികളെ വെടിവച്ചുകൊന്നു എന്ന വാർത്ത തന്റെ സ്നേഹിതൻ ഗോപാലൻ പറഞ്ഞാണു് മാധവനറിഞ്ഞതു്.

ഇതു കോൺഗ്രസ്സ് മന്ത്രിമാരറിഞ്ഞാൽ മതി ആ പോലീസുകാരെ വെറുതെ വിടുകയില്ല. നോക്കിക്കോളൂ; മാധവൻ ഉഗ്രസ്വരത്തിൽ പറഞ്ഞു.

പക്ഷെ കോൺഗ്രസ്സ് മന്ത്രിയുടെ പ്രസ്താവന തീരെ അപ്രതീക്ഷിതമായിരുന്നു. അതിൽ പിന്നീടു മാധവൻ ആ വിഷയത്തെക്കുറിച്ചു് സംസാരിച്ചിട്ടേയില്ല.

X X X

റെയിൽവേ പണിമുടക്കം തൊഴിലാളികളുടെ ഇടയിൽ ഒരു വമ്പിച്ച കോളിളക്കമുണ്ടാക്കി. പല തൊഴിലാളികളും തങ്ങളുടെ സഹോദരന്മാരെ സഹായിപ്പാൻ വെമ്പി. പക്ഷെ നേതാക്കന്മാരുടെ പ്രസ്താവനകൾ അവരെ പിന്നാക്കം പിടിച്ചുവലിച്ചു.

അന്നു വൈകുന്നേരം മാധവൻ ഗോപാലനോടു പറഞ്ഞു. "ഒരു കണക്കിനു കോൺഗ്രസ്സ് മന്ത്രിസഭയെ പൊളിക്കാൻ കമ്മ്യൂണിസ്റ്റുകാരുടെ ഒരു കള്ളപ്പണിയാണിതു്. വണ്ടി വന്നില്ലെങ്കിൽ അരിവരില്ല. അപ്പോൾ എല്ലാവർക്കും കോൺഗ്രസ്സിനോടു വെറുപ്പാവില്ലെ?

അപ്പോൾ അവരുടെ ആവശ്യം ന്യായമല്ലേ? തൊഴിലാളികളെ വെറുതെ പിരിച്ചുവിടാൻ സമ്മതിക്കാമോ? ഗോപാലൻ ചോദിച്ചു.

അതു ശരിയാണു. പക്ഷെ കുറച്ചു, കൂടി ക്ഷമിക്കാൻ മന്ത്രിമാരു പറഞ്ഞില്ലെ. അതു കേൾക്കായിരുന്നില്ലേ?

(ശേഷം ഭാഗം അടുത്തലക്കത്തിൽ)

Reg No
T. 66

# PRASANNAKERALAM

License No. 390
Dated 15-6-1939

എം. ഇ. മത്തായി

# ഒരു ഇടക്കാല സാമ്പത്തിക പദ്ധതി

കേന്ദ്രത്തിൽ, കോൺഗ്രസ് ഇടക്കാല ഗവർമ്മെണ്ടു് നിർമ്മിച്ചു കഴിഞ്ഞിരിക്കുന്നു. കോൺഗ്രസിന്റെ ഇലക്ഷൻ പ്രകടനപത്രിക യഥാർത്ഥീകരിക്കേണ്ടതുമാണിതു്. ആ പ്രകടനപത്രിക അനുസരിച്ചായിരിക്കും—അക്ഷരംപ്രതി—കോൺഗ്രസ് രാജ്യം ഭരിക്കുന്നതു് എന്നാണു് ഇന്ത്യയിലെ 400 കോടിയുടെയും പ്രതീക്ഷ.

എന്നാൽ ഈ ഇടക്കാല ഗവർമ്മെണ്ടു ചാർജ്ജ് എടുത്തിരിക്കുന്ന ഘട്ടത്തിൽ ഇന്ത്യയിലെ സാമ്പത്തിക സ്ഥിതി നമുക്കൊന്നു പരിശോധിക്കാം. സാധനങ്ങളുടെ അമിതമായ വിലകൾ ഇന്നു നിലവിലിരിക്കുന്നു. കള്ളക്കമ്പോളവും, അമിതാദായങ്ങളും, ഒട്ടും കുറവല്ല. കോൺഗ്രസ് മന്ത്രിമാർ ശമ്പളം ഇരട്ടിച്ചിട്ട്, കേമൻ കാറുകളിലും മറ്റും കയറി പറപ്പിച്ചു നടക്കുമ്പോൾ, ക്ലാർക്കിന്റെയും തോട്ടിയുടെയും ശമ്പളം ഒട്ടും കൂട്ടിയിട്ടില്ല. ഉയർന്നു വരുന്ന കോസ്റ്റ് ലിവിംഗ് പഴയ പടി തന്നെയിരിക്കുന്ന ശമ്പളത്തിന്റെയും ഞെരുക്കിൽ പെട്ടു, പ്രവൃത്തിയെടുക്കുന്നവർ വിഷമിച്ചു് കൂടുതൽ ശമ്പളം ചോദിക്കുന്നു. അധികാരത്തിലുള്ളവർ അതിനെ നിഷേധിക്കുന്നു. തന്മൂലം പണിമുടക്കം, തൊഴിലാസ്വാസ്ഥ്യവും, ഭക്ഷ്യക്ഷാമത്തിനും, പൊതുവെയുള്ള സാധനങ്ങളുടെ ചുരുക്കത്തിനും മേന്മേൽ കൂടിവരുന്നു. കോൺഗ്രസ് "പ്രതിനിധീകരിക്കുന്ന" എന്നു പറയുന്ന സാധാരണക്കാരന്റെ സ്ഥിതി പഴയ പടി തന്നെ. നെഹ്റുവും മറ്റും "ഉയർന്ന കസേരകളിലിരുന്നിട്ടും അവനു യാതൊരുപകാരവുമില്ല.

ഏതൊരു ഗവർമ്മെണ്ടിനോടും സാധാരണക്കാരൻ ആവശ്യപ്പെടാവുന്ന ചില സംഗതികളുണ്ടു്.

1. തൊഴിൽ ചെയ്യാനുള്ള അവകാശവും, സന്ദർഭവും, തുറകളും, 2. ആ തൊഴിൽ ചെയ്യുന്നവന്റെ വ്യക്തിത്വം വികസിപ്പിക്കാനും ആവശ്യമായ ശമ്പളം, 3. തൊഴിലിൽ സുരക്ഷിതത്വം, 4: ആവശ്യമുള്ള സാധനങ്ങൾ തന്റെ ശമ്പളത്തിനനുസരിച്ചു, ലഭിക്കത്തക്കവണ്ണമുള്ള ഏർപ്പാടുകൾ. ഇതു നാലും കിട്ടിക്കഴിഞ്ഞാൽ പിന്നെ ബാക്കിയുള്ളതു താനേ വളരേണ്ട സംഗതികളാണു്.

ഇന്നത്തെ സാധാരണക്കാരനു തൊഴിലിനുള്ള തുറകൾ എന്തെല്ലാം? ഇന്ത്യ ഒരു പ്രമുഖകാർഷികരാജ്യമാണു്. ഈ നില വളർച്ച പ്രാപിക്കേണ്ട ഒരു എക്കണോമിയുടെ ലക്ഷണമല്ല. കൂടുതൽ കൂടുതൽ ആളുകൾ വരവു കൂടുതൽ കിട്ടുന്ന തൊഴിലുകളിലേക്കു പ്രവേശിക്കണം. ആകെ തൊഴിൽ ചെയ്യുന്നവരിൽ 50 ശതമാനം കൃഷിയിലും, 20 ശതമാനം വ്യവസായത്തിലും, ബാക്കി തുറകളിൽ 30 ശതമാനവും എന്നതാണു ഈ മൂന്നു തുറകൾ തമ്മിലുള്ള ന്യായമായ വിതരണം. എന്നു വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നു. ഇതു യഥാർത്ഥീകരിക്കണമെങ്കിൽ കൂടുതൽ ആളുകളെ വ്യാവസായിക തൊഴിലാളികൾക്കായി പരിശീലിപ്പിക്കണം. ഇതു ഗവർമ്മെന്റു ചെയ്യേണ്ട കൃത്യമാണു്. ഇതിനു് ഒന്നാമതായി വേണ്ടതു ഇപ്പോഴത്തെ സ്ഥിതിഗതികൾക്കാധാരമായിരിക്കുന്ന സ്വകാര്യസ്വത്തിന്റെ നിഷ്കാസനമാണു്. സ്വകാര്യസമ്പത്തു സമുദായസ്വത്തായിത്തീർന്നെങ്കിലേ ഈ വ്യവസ്ഥ പാലിക്കാൻ സാധിക്കൂ.

ശമ്പളത്തിന്റെ കാര്യമാണു ശ്രദ്ധേയം. 'ഉള്ളവനു കൊടുക്കുക' എന്നതു് മുതലാളിത്തത്തിന്റെ സുവർണ്ണപ്രമാണമാണല്ലോ. ശമ്പളങ്ങളുടെ തോതും ന്യായവും മറ്റും ശരിയായി പരിശോധിച്ചു ജീവിതത്തോതിനോടും വളർച്ചയോടും സംതൃപ്തിയോടും സുരക്ഷിതത്വത്തോടും അവയെ എത്രമാത്രം അടുപ്പിക്കാമോ അത്രത്തോളം അടുപ്പിക്കുക. ഇതു് ഒരു നിമിഷംപോലും കളയാതെ ചെയ്യേണ്ട കൃത്യമാണു്.

വരവിലുള്ള സ്ഥിരീകരണമാണല്ലോ സുരക്ഷിതത്വം. അതിനു തൊഴിലിൽ സുരക്ഷിതത്വം വേണം. രാജ്യത്തിന്റെ അകത്താകമാനം നടപ്പാക്കാൻ കഴിവുള്ള ഒരു ഗവർമ്മെന്റിനേ സുരക്ഷിതത്വം സമ്പാദിക്കാൻ സാധിക്കൂ. (റഷ്യയിൽ അരക്ഷിതത്വം ഇല്ല) മാർക്സിസത്തെ വഴിപിഴച്ചസിദ്ധാന്തമെന്നു പലപ്പോഴും പറഞ്ഞ മഹാനായ കെയ്ൻസ്പോലും സമ്മതിക്കുന്നു. മുതലാളിത്തത്തിനു അരക്ഷിതത്വം ഒഴിച്ചുകൂടായ്കയെന്നു. ഈ വാസ്തവത്തിൽനിന്നു രക്ഷയില്ല

വിലനിയന്ത്രണവും സ്ഥിരീകരണവും വളരെ സൂക്ഷ്മതയോടും കരുതലോടും ചെയ്യേണ്ട ഒരു ഘനമായ കർത്തവ്യമാണു്. രാജ്യത്തിലെ തൊഴിലിന്റെയും വരവിന്റെയും തോതു നിർണ്ണയിക്കാൻ നാണ്യവ്യവസ്ഥാധികാരികൾക്കുള്ള ശക്തി ശരിയായി ഉപയോഗിക്കണം. സാധനങ്ങൾ ആവശ്യത്തിനു തക്കവിധം ഉണ്ടായെങ്കിലേ—എല്ലാവർക്കും വാങ്ങാവുന്ന വിലയിൽ—അമിതമായ വിലക്കയറ്റം നിലയ്ക്കൂ. ഇടക്കാലഗവർമ്മെന്റു ഉടൻതന്നെ ഇതിലേക്കു കടക്കണം. ഇടക്കാലവ്യവസ്ഥയെന്ന നിലയ്ക്കു നിലവിലിരിക്കുന്ന കൺട്രോളിൽ ഏതെല്ലാം പൊതുജനാവശ്യകമാണു് അല്ലാത്തവയേതു് എന്നെല്ലാം നിർണ്ണയിച്ചു് പതുക്കേണ്ടതാണു്. എന്നാൽ സാധനങ്ങൾ പൂർവാധികം കൂടുതലായി ഉണ്ടാക്കപ്പെടാതെ കള്ളക്കമ്പോളത്തിനും മറ്റും ഒരു കുറവുമുണ്ടാവില്ല. ഇപ്പോഴത്തെ വലിയ വലിയ വ്യാവസായികത്തലവന്മാരുടെ മേൽ ഇടക്കാലഗവർമ്മെന്റു് അധികശക്തി ചെലുത്തി അവർ നിർമ്മിക്കുന്ന സാധനങ്ങളുടെ മേൽ പൂർണ്ണാധികാരം ചെലുത്തി ഗവർമ്മെന്റു തന്നെ അവയുടെ നിർമ്മാണം കൺട്രോൾ ചെയ്യാതെ ഇതിനു നിവൃത്തിമാർഗ്ഗം വേറെയില്ല. ശ്രീ:സി ആർ എന്തു പറയുന്നു?

ഒരു ഇടക്കാലസാമ്പത്തികപദ്ധതിയിൽ ഇതുനാലും ഉൾക്കൊള്ളിക്കണം. പക്ഷെ ഇന്നത്തെ വലിയ ചോദ്യം ഇതാണു്:—നാമെങ്ങോട്ടാണു നീങ്ങുന്നതു്? ടാറ്റായും, ബർളായും, ഡോ: ജോൺമത്തായിയും കൂടെ നിർമ്മിച്ചു് ഇടക്കാലഗവർമ്മെന്റിന്റെ സമ്മതം വാങ്ങിച്ച്, അവരുടെ ലാഭക്കൊഴുപ്പിനും സാധാരണക്കാരന്റെ വയറ്റത്തടിക്കുമായി വെളിയിലിറക്കുന്ന സാമ്പത്തികസ്ഥിതിയിലേക്കോ, അതോ സാധാരണക്കാരന്റെ ആവശ്യങ്ങളിൽ സംതൃപ്തിക്കായി, അവന്റെ നന്മയെ ലാക്കാക്കി മാത്രം പ്രവർത്തിക്കുന്ന യാതൊരുതരം കൃത്രിമത്വവും ഇല്ലാത്ത ഒരു ഗവർമ്മെന്റു നിർമ്മിക്കുന്ന സാമ്പത്തികസ്ഥിതിയിലേക്കോ? ആദ്യത്തേതിൽ ഒരു അഗ്നിപർവതം; രണ്ടാമത്തേതിൽ സാമ്പത്തികശാന്തി.

## അനശ്വരതയിലേക്കുള്ള ക്ഷണം

ഗ്രന്ഥകർത്താ
കെ എ ചെബ്ബാസ്
വിവർത്തകൻ-വി വി വർക്കി എം എ
വില 12 ണ.
നാഷനൽ ബുക്ക്സ്റ്റാൾ
കളരിക്കൽബസാർ കോട്ടയം

Printed at the Powradhwany Press, Kottayam & Published by Anjiliparampil Kumaran at Kottayam